بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാള്യം 10

ലക്കം 22

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2025 മെയ് 29 /ഹി.ശം 1404 ഹിജ്റത്ത് 29/ഹി:ഖ 1446 ദുൽഹജ്ജ് 01

## അല്ലാഹുവിന്റെ വചനം

رَبَّنَاۤ اِنَّکَ مَنۡ تُدۡخِلِ النَّارَ فَقَدۡ اَخۡزَیۡتَہٗ ؕ وَمَا لِلظّٰلِمِیۡنَ مِنۡ اَنۡصَارٍ ○ (آل عمران:193)

ഞങ്ങളുടെ നാഥാ! നീ ആരെയെങ്കിലും നരകത്തിൽ പ്രവേശിപ്പിക്കുന്നതായാൽ നീ അവനെ തീർച്ചയായും നിന്ദ്യനാക്കിക്കഴിഞ്ഞു. അക്രമികൾക്ക് സഹായികളാരും ഇല്ലതന്നെ.

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.
അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## ഭിന്നിപ്പുണ്ടാകുകയും ഐക്യമില്ലാതിരിക്കുകയുമാണെങ്കിൽ നിർഭാഗ്യരായിരിക്കും. ഒന്നാമതായി അല്ലാഹുവിന്റെ തൗഹീദ് സ്വീകരിക്കുക. രണ്ടാമതായി പരസ്പരം സ്നേഹവും സഹതാപവും പ്രകടിപ്പിക്കുക.

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ ഉപദേശങ്ങൾ

ജമാഅത്തിന്റെ പരസ്പരമുള്ള ഐക്യത്തേയും സ്നേഹത്തേയും കുറിച്ച് ഇതിനുമുമ്പേ പലവട്ടം പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്. അതായത് നിങ്ങൾ പരസ്പരം ഐക്യപ്പെടുകയും സംഘടിക്കുകയും ചെയ്യുക. ഒരൊറ്റ അസ്തിത്വമാകുക എന്ന പാഠമാണ് അല്ലാഹു മുസ്‌ലിമീങ്ങൾക്ക് നൽകിയിരുന്നത്;ഇല്ലെങ്കിൽ കാറ്റ് പൊയ്പ്പോകും. പരസ്പരം ഐക്യമുണ്ടാകുന്നതിന് നമസ്കാരത്തിൽ പരസ്പരം ചേർന്ന് നിൽക്കാനുള്ള കൽപ്പനയാണുള്ളത്. വൈദ്യുതി ശക്തിപോലെ ഒരാളുടെ നന്മ മറ്റൊരാളിൽ പ്രവഹിക്കുന്നതായിരിക്കും. ഭിന്നിപ്പുണ്ടാകുകയും ഐക്യമില്ലാതിരിക്കുകയുമാണെങ്കിൽ നിർഭാഗ്യരായിരിക്കും. പരസ്പരം സ്നേഹിക്കാനും ഒരാൾ മറ്റൊരാൾക്കുവേണ്ടി അദൃശ്യപരമായി ദുആ ചെയ്യാനും അല്ലാഹുവിന്റെ റസൂൽﷺപറഞ്ഞിട്ടുണ്ട്: ഒരാൾ അദൃശ്യപരമായി ദുആ ചെയ്യുകയാണെങ്കിൽ അപ്പോൾ നിനക്കും അങ്ങനെതന്നെയുണ്ടാവട്ടെയെന്ന് മലക്കു പറയുന്നു. എത്രമാത്രം ഉന്നത പദവിയാർന്ന കാര്യമാണിത്. മനുഷ്യന്റെ ദുആ സ്വീകരിക്കപ്പെടുന്നില്ലെങ്കിൽ മലക്കുകളുടേത് സ്വീകരിക്കപ്പെടുന്നു. ഞാൻ ഉപദേശിക്കുകയാണ്, പറയാനാഗ്രഹിക്കുകയാണ് പരസ്പരം ഭിന്നിപ്പുണ്ടാകരുത്.

ഞാൻ രണ്ടു കാര്യങ്ങളുമായാണ് വന്നിട്ടുള്ളത്. ഒന്നാമതായി അല്ലാഹുവിന്റെ തൗഹീദ് സ്വീകരിക്കുക. രണ്ടാമതായി പരസ്പരം സ്നേഹവും സഹതാപവും പ്രകടിപ്പിക്കുക. മറ്റുള്ളവർക്ക് കറാമത്ത് അഥവാ അമാനുഷികത ആകുംവിധമുള്ള മാതൃക കാണിക്കുക. ഈ തെളിവായിരുന്നു സ്വഹാബത്തിലുണ്ടായിരുന്നത്. ***കുൻതും അഅ്ദാഅൻ ഫഅല്ലഫ ബയ്ന ഖുലൂബിക്കും***(3:104)നിങ്ങളുടെ ഹൃദയങ്ങളെ അവൻ അന്യോന്യം ഇണക്കി. ഓർമിക്കുക! ഇണക്കം ഒരു അമാനുഷികതയാണ്. ഓർമിക്കുക!നിങ്ങളിലോരോരുത്തരും തനിക്കുവേണ്ടി ഇഷ്ടപ്പെടുന്നത് തന്റെ സഹോദരനുവേണ്ടിയും ഇഷ്ടപ്പെടുന്നതുവരെ അവൻ എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. അവൻ ബലായിലും മുസ്വീബത്തിലുമാണ്. അവന്റെ പര്യവസാനം നല്ലതല്ല. *(മൽഫൂദാത്ത് വാള്യം 1, പേജ് 457 പ്രസാധനം 2018 ഖാദിയാൻ)*

## എല്ലാ ഓരോ വ്യക്തിയുടേയും സ്വത്തിൽ ബന്ധുക്കൾക്കും അഗതികൾക്കും യാത്രക്കാർക്കും അവകാശമുണ്ട്. ഒരുവന്റെ സ്വത്ത് അവന്റെ മാത്രം സ്വത്തല്ല പ്രത്യുത അതിൽ മറ്റുള്ളവരുടെ അവകാശങ്ങളും അടങ്ങിയിട്ടുണ്ട്.

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ സൂറ ബനീഇസ്റാഈലിലെ 27-ാമത്തെ വചനമായ വ ആത്തിദൽ ഖുർബാ ഹഖ്ഖഹൂ വൽമിസ്ക്കീന വബ്നസ്സബീലി വലാ തുബദ്ദിർ തബ്ദീറാ - അർഥം:അടുത്ത ബന്ധുവിന് അവന്റെ അവകാശം നല്കുക; അഗതിക്കും യാത്രക്കാരനും(അവരുടെ അവകാശവും). ഒരു വിധത്തിലും ദുർവ്യയം ചെയ്യരുത്- എന്നതിനു നല്കിയ വ്യാഖ്യാനത്തിൽ പറയുന്നു: "എല്ലാ ഓരോ വ്യക്തിയുടേയും സ്വത്തിൽ ബന്ധുക്കൾക്കും അഗതികൾക്കും യാത്രക്കാർക്കും അവകാശമുണ്ടെന്ന് ഈ ആയത്തിൽ പറയപ്പെട്ടിരിക്കുന്നു. ബന്ധുക്കൾ മനുഷ്യന്റെ സമ്പാദ്യത്തിൽ പല രീതിയിലും സഹായത്തിന് കാരണമാകാറുണ്ട്. അതുകൊണ്ട് അവന്റെ സ്വത്തിൽ അവർക്കെല്ലാവർക്കും അവകാശമുള്ളതാണ്. ഉദാഹരണത്തിന് മാതാപിതാക്കൾ ഒരു മകനെ പഠിപ്പിച്ചു. അവൻ ഉന്നതമായ ഔദ്യോഗിക സ്ഥാനത്തെത്തി. മറ്റുള്ള സഹോദരങ്ങൾ അറിവിൽനിന്ന് പിന്തള്ളപ്പെട്ടെങ്കിൽ, ആ ഉദ്യോഗസ്ഥന്റെ സ്വത്തിൽ മറ്റു സഹോദരങ്ങൾക്കും അവകാശമുണ്ട്. കാരണം ഏതൊരു പണംകൊണ്ടാണോ അയാൾ പഠിപ്പിച്ചത് അത് ഇവർക്കെല്ലാവർക്കും അവകാശമുള്ളതായിരുന്നു.

അല്ലാഹു അഗതിയും യാത്രക്കാരനും അവന്റെ സ്വത്തിൽ അവകാശിയാണെന്നും പറഞ്ഞിരിക്കുന്നു. മറ്റൊരു സ്ഥലത്ത് തുറന്ന നിലയിലും പറഞ്ഞു, **വഫീ അംവാലിഹിം ഹഖ്ഖുൻല്ലിസാഇലി വൽ മഹ്റൂം** (51:20) അതായത് മനുഷ്യരുടെ സ്വത്തുക്കളിൽ ഭിക്ഷക്കാരനും മറ്റും അവകാശമുണ്ട്. അഗതിയെ അവകാശിയാക്കിയതിന്റെ ഒരു കാരണം ലോകത്ത് സമ്പന്നനും ദരിദ്രനും മാറിക്കൊണ്ടിരിക്കുന്നു. ഇന്ന് ദരിദ്രനായിട്ടുള്ളവൻ മുമ്പേ ചിലപ്പോൾ സമ്പന്നനായിരിക്കും. ചിലപ്പോൾ സമ്പന്നനായിട്ടുള്ളവൻ എപ്പോഴെങ്കിലും ദരിദ്രനായിരിക്കും. അക്കാലത്തെ സമ്പന്നർ അവനോടു നല്ല രീതിയിൽ പെരുമാറിയിരുന്നു. അതിനാൽ മുഴുലോകത്തേയും മൊത്തത്തിൽ നോക്കുകയാണെങ്കിൽ ഒരുവന്റെ സ്വത്ത് അവന്റെ മാത്രം സ്വത്തല്ല പ്രത്യുത അതിൽ മറ്റുള്ളവരുടെ അവകാശങ്ങളും അടങ്ങിയിട്ടുണ്ട്. അതിന്റെ രണ്ടാമത്തെ കാരണം ഇതാണ്: ലോകത്തുള്ള സകല വസ്തുക്കളും അല്ലാഹു മനുഷ്യകുലത്തിനുവേണ്ടി ജമാഅത്ത് എന്ന നിലയിലാണ് സ്വഷ്ടിച്ചിട്ടുള്ളത്. അല്ലാതെ സയ്ദിനോ ബക്റിനോ വേണ്ടിയല്ല. ഇനി സയ്ദോ ബക്റോ ഏതെങ്കിലും കാരണത്താൽ കൂടുതൽ സമ്പന്നനായിട്ടുണ്ടെങ്കിൽ അതുകൊണ്ട് ആ മറ്റുള്ളവരുടെ അവകാശം നഷ്ടപ്പെട്ടുപോകുന്നില്ല. അവർ ലോകത്തിലെ സ്വത്തുക്കളുടെ ഉടമാവകാശത്തിൽ സയ്ദിനും ബക്റിനുമൊപ്പം തുല്യ പങ്കാളികളാണ്. നിസംശയം പ്രത്യേകമായി അധ്വാനിച്ചതിന്റെ കാരണത്താൽ സയ്ദ് അല്ലെങ്കിൽ ബക്റിന്റെ കൂടുതൽ അവകാശം ഇസ്‌ലാം അംഗീകരിക്കുന്നു. പക്ഷേ, അവരെ പങ്കാളിത്വമില്ലാത്ത ഉടമസ്ഥനായി അംഗീകരിക്കുന്നില്ല.

യാത്രക്കാരുടെ അവകാശം ഇങ്ങനെയാണ്. ഇവർ മറ്റുസ്ഥലത്തേക്ക് പോകുമ്പോൾ അവർ ഇവരോടു നല്ല രീതിയിൽ പെരുമാറുന്നു. ആദ്യത്തോടുള്ള കടമ നിർവഹിക്കപ്പെട്ടുകൊണ്ടിരിക്കുന്നതിന് മറ്റു സ്ഥലത്തുള്ള യാത്രക്കാർക്ക് സേവനം ചെയ്യുക എന്നത് അവരുടെ നിർബന്ധ കടമയാണ്. യാത്രക്കാരന്റെ അവകാശത്തെ സംബന്ധിച്ച് നബിﷺതിരുമേനി പറഞ്ഞു: നിങ്ങൾ ഏതെങ്കിലും നാട്ടിൽപ്പോയാൽ മുന്നൂദിവസംവരെയുള്ള ആദിത്യം നിങ്ങൾക്ക് അവകാശപ്പെട്ടതാണ്. സ്വഹാബത്ത് ചോദിച്ചു: യാറസൂലല്ലാഹ്!

പേജ് 12 ൽ തുടരും

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്വ്ബ ജുമുഅ

**നബിﷺതിരുമേനി യുദ്ധത്തിന് പറഞ്ഞയക്കുന്നതിനുമുമ്പേ ഇസ്‌ലാമിക സൈന്യത്തിന് നിർദ്ദേശങ്ങൾ നൽകിക്കൊണ്ടു പറഞ്ഞു:**

**നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടാനും കൂടെയുള്ള മുസ്‌ലിമീങ്ങളുടെ ക്ഷേമത്തിനുവേണ്ടിയും ഞാൻ നിങ്ങളോടു വസ്വിയ്യത്ത് ചെയ്യുന്നു. അല്ലാഹുവിന്റെ നാമത്തിൽ അവന്റെ ശത്രുക്കൾക്കെതിരിൽ പോരാടുക. നിങ്ങൾ ചതിക്കുകയോ വഞ്ചിക്കുകയോ ചെയ്യരുത്. മുലപ്പാൽ കുടിക്കുന്ന കുട്ടികളെയും സ്ത്രീകളെയും കൊല്ലരുത്. വൃദ്ധരേയും കൊല്ലരുത്. ഈന്തപ്പനയോ മറ്റു ഫലവൃക്ഷങ്ങളോ മുറിക്കരുത്. ഒരു തരത്തിലുള്ള വൃക്ഷവും നശിപ്പിക്കരുത്. കെട്ടിടങ്ങൾ തകർക്കരുത്.**

**ഹിജറ വർഷം ഏഴിലും എട്ടിലും നടന്ന ചില ഗസ്‌വത്തുകളുടേയും സരിയ്യത്തുകളുടേയും പശ്ചാത്തലത്തിൽ നബിﷺതിരുമേനിയുടെ അനുഗൃഹീത ജീവചരിത്ര വിവരണം**

**കറാച്ചിയിൽ ശഹീദായ മുകർറം ലഈഖ് അഹ്മദ് ചീമ സാഹിബ്, റബ്‌വയിലെ ഡോക്ടർ മസ്ഊദുൽ ഹസൻ സാഹിബിന്റെ ഭാര്യ സാഹിബ്സാദി അമത്തുൽ മുസ്വവ്വിർ നൂരി സാഹിബ, ബുർക്കിനാഫാസോയിലെ ലോക്കൽ മുബല്ലിഗ് ഹസൻ സാനോഗോ അബൂബക്ർ സാഹിബ് എന്നിവരെക്കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.**

**ഖുത്‌ബ ജുമുഅ 2025 ഏപ്രിൽ 25, 1404 ശഹാദത്ത് 25, മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

ഖുത്‌ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്‌റത്ത് മിർസാ മസ്‌റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

നബിﷺതിരുമേനിയുടെ കാലഘട്ടത്തിൽ നടന്ന വിവിധ യുദ്ധനീക്കങ്ങളെക്കുറിച്ചുള്ള പരാമർശമാണ് നടന്നുവരുന്നത്. ഇതുസംബന്ധമായി ഹദ്റത്ത് ഗാലിബ് ബിൻ അബ്ദുല്ലാഹ് ലയ്ഥിയെ ഫദക്കിലേക്ക് അയച്ച ഒരു സരിയ്യത്തിനെ സംബന്ധിച്ചും വിവരം ലഭിക്കുന്നുണ്ട്. ഹദ്റത്ത് ബശീർ ബിൻ സഅ്ദ്ؓഹിജ്റ ഏഴാം വർഷം ശഅ്ബാൻ മാസത്തിൽ 30 ആളുകളോടൊപ്പം ഫദക്ക് എന്ന പ്രദേശത്തേക്ക് ബനൂമുർറ ഗോത്രത്തെ ലക്ഷ്യമാക്കി പോയിരുന്നു. ബനു മുർറഗോത്രക്കാർ ഹദ്റത്ത് ബശീർ ബിൻ സഅ്ദിന്റെ എല്ലാ കൂട്ടുകാരേയും ശഹീദാക്കി.*(സുബുലുൽഹുദാ വർറശാദ് വാല്യം 6, പേജ് 132, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഇതേക്കുറിച്ച് നേരത്തെ പറഞ്ഞു കഴിഞ്ഞതാണ്. നബിﷺതിരുമേനിക്ക് ഹദ്റത്ത് ബശീർ ബിൻ സഅ്ദിന്റെ കൂട്ടുകാരെ ശഹീദാക്കിയ വിവരം ലഭിച്ചപ്പോൾ ഹദ്റത്ത് സുബയ്ർ ബിൻ അവ്വാമിനെ തയ്യാറാക്കുകയും അദ്ദേഹത്തോട് ഹദ്റത്ത് ബശീർ ബിൻ സഅ്ദിന്റെ കൂട്ടുകാർ ശഹീദായ സ്ഥലത്തെത്തുന്നതിന് നിർദ്ദേശിക്കുകയും ചെയ്തുകൊണ്ട് പറഞ്ഞു: ‘അല്ലാഹു നിങ്ങൾക്ക് വിജയം നൽകുന്നെങ്കിൽ അവരിൽ ആരെയും അതായത് ശത്രുക്കളിലാരേയും വെറുതെ വിടരുത്. അവർ മുസ്‌ലിമീങ്ങളെ പിടികൂടുകയും ദ്രോഹിക്കുകയും വധിക്കുകയും ചെയ്തവരാണ്. അവരിലാരെയും വിട്ടുപോകരുത്. അദ്ദേഹത്തോടൊപ്പം പോകാൻ 200 സ്വഹാബാക്കളെയും തയ്യാറാക്കി. അവർക്കുവേണ്ടി പതാകയും കെട്ടി.*(സുബുലുൽഹുദാ വർറശാദ് വാല്യം 6, പേജ് 140, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഹദ്റത്ത് ഗാലിബ് ബിൻ അബ്ദുല്ലാഹ്ؓകദീർ സരിയ്യത്തിൽനിന്ന് വിജയിയായി തിരിച്ചുവന്നപ്പോൾ നബിﷺതിരുമേനി ഹദ്റത്ത് സുബയ്ർؓനോടു പറഞ്ഞു: താങ്കൾ ഇരിക്കുക.(അതായത് നിങ്ങൾ പോകണ്ട). ഹദ്റത്ത് ഗാലിബ് ബിൻ അബ്ദുല്ലായെؓആ ഇരുന്നൂറ് സ്വഹാബാക്കളോടൊപ്പം അയച്ചു. അങ്ങനെ ഹദ്റത്ത് ഗാലിബ്ؓശത്രുക്കളുടെ അടുത്തെത്തിയപ്പോൾ അദ്ദേഹം ചാരനെ അയച്ചു. അതായത് ചാരനെ ഗാലിബ് അയച്ചു. അദ്ദേഹം ഹദ്റത്ത് ഉൽബ ബിൻ സയ്ദിനെ 10 ആളുകളോടൊപ്പം ശത്രുക്കളുടെ സങ്കേതത്തിലേക്ക് പറഞ്ഞയച്ചു. അവർ ഒരു സംഘത്തെ കാണുകയും ഹദ്റത്ത് ഗാലിബിന്റെയടുക്കൽ തിരിച്ചുവന്ന് എല്ലാ അവസ്ഥകളും വിവരിക്കുകയും ചെയ്തു. ഹദ്റത്ത് ഗാലിബ് മുന്നോട്ടുനീങ്ങി ശത്രുക്കളുടെ വളരെ അടുത്തെത്തി. എത്രത്തോളമെന്നാൽ അവരെ കാണാൻ കഴിയുന്നുണ്ടായിരുന്നു. ശത്രുക്കൾ വളരെ ശാന്തമായി കിടന്നുറങ്ങുകയായിരുന്നു. പിന്നീട് ശത്രുക്കളെ വിളിച്ചുകൊണ്ടു പറഞ്ഞു: ‘ഞാൻ നിങ്ങളെ ഏകനും പങ്കുകാരാരുമില്ലാത്തവനുമായ അല്ലാഹുവിൽ തഖ്‌വായുള്ളവരാകാൻ ഉപദേശിക്കുകയാണ്. ശത്രുക്കളോടല്ല തന്റെ കൂട്ടുകാരോടാണ് പറഞ്ഞത്. പറഞ്ഞു: ‘ഏകനും പങ്കുകാരനില്ലാത്തവനുമായ അല്ലാഹുവിൽനിന്ന് തഖ്‌വാ സ്വായത്തമാക്കാൻ ഞാൻ നിങ്ങളെ ഉപദേശിക്കുന്നു. മാത്രമല്ല നിങ്ങളെന്നെ അനുസരിക്കുക, അനുസരണക്കേട് കാണിക്കരുത്. എന്റെ ഒരു ആജ്ഞയും ധിക്കരിക്കരുത്. കാരണം അനുസരിക്കാത്തവന്റെ ഒരുവിധ അഭിപ്രായവും സ്വീകാര്യയോഗ്യമല്ല. ഒരു നിവേദനത്തിൽ ഈ വാക്കുകൾ ഇങ്ങനെ കാണപ്പെടുന്നു: ‘നിങ്ങളെന്നെ ധിക്കരിക്കരുത്. കാരണം നബിﷺതിരുമേനി പറയുന്നു: എന്റെ അമീറിനെ അനുസരിക്കുന്നവൻ എന്നെ അനുസരിച്ചു. അദ്ദേഹത്തെ ധിക്കരിക്കുന്നവൻ എന്നെ ധിക്കരിച്ചു. അതിനാൽ നിങ്ങളെന്നെ ധിക്കരിക്കുകയാണെങ്കിൽ നിങ്ങൾ നിങ്ങളുടെ നബിയെ ധിക്കരിക്കുന്നവരായിത്തീരും. തുടർന്ന് അദ്ദേഹം അവർക്കിടയിൽ സാഹോദര്യമുണ്ടാക്കി. എന്നിട്ട് പറഞ്ഞു: ഇന്ന ഇന്ന വ്യക്തികൾ ഇന്ന ഇന്ന വ്യക്തികളോടൊപ്പമായിരിക്കും. നിങ്ങളാരുംതന്നെ നിങ്ങളുടെ ഈ സഹോദരനെ വിട്ടുപോകരുത്. നിങ്ങളെന്റെ അടുത്ത് വരുമ്പോൾ നിങ്ങളോടാരോടെങ്കിലും നിങ്ങളുടെ കൂട്ടുകാരനെവിടെ എന്ന് ചോദിക്കുമ്പോൾ എനിക്കറിയില്ലെന്ന് പറയാൻ ഇടവരരുത്. ഞാൻ തക്ബീർ മുഴക്കും.’ തുടർന്നു പറഞ്ഞു: ‘ഞാൻ തക്ബീർ മുഴക്കുമ്പോൾ നിങ്ങളും എന്നോടൊപ്പം തക്ബീർ മുഴക്കണം. അങ്ങനെ മുസ്‌ലിമീങ്ങൾ യുദ്ധം ആരംഭിക്കുകയും ശത്രുക്കളെ വലയം ചെയ്യുകയും ചെയ്തു. ഹദ്റത്ത് ഗാലിബ് തക്ബീർ മുഴക്കി. മറ്റു സ്വഹാബാക്കളും തക്ബീർ മുഴക്കി. ശത്രുക്കളും യുദ്ധത്തിനുവേണ്ടി തയ്യാറായി വന്നു. കുറച്ചു സമയം യുദ്ധം നടന്നുകൊണ്ടിരുന്നു. മുസ്‌ലിമീങ്ങൾ തങ്ങളെ കൊണ്ടാവുന്ന വിധം ശത്രുക്കളെ വധിച്ചു. അന്നത്തെ ദിവസം മുസ്‌ലിമീങ്ങളുടെ മുദ്രാവാക്യം ‘അമിത്ത് അമിത്ത്’ എന്നായിരുന്നു. മുസ്‌ലിമീങ്ങൾ നിരവധി ഒട്ടകങ്ങളെയും ആടുകളെയും സമരാർജിത സ്വത്തുക്കൾ എന്ന നിലയ്ക്ക് പിടിച്ചെടുത്ത് അവയെയും തെളിച്ചു കൊണ്ടുവന്നു. ഓരോ വ്യക്തിക്കും 10 വീതം ഒട്ടകങ്ങളെയോ ഒരു ഒട്ടകവും 10 ആടുകൾ വീതമോ ലഭിച്ചു.*(അസ്സീറത്തുൽഹൽബിയ്യ*

*വാല്യം 3, പേജ് 266, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത്)*

മറ്റൊരു സരിയ്യഃ ശുജാഅ് ബിൻ വഹബിന്റെ നേതൃത്വത്തിൽ സിയ്യിന്റെ ഭാഗത്തേക്ക് പോയതാണ്. ഈ സരിയ്യഃ ഹിജ്റ എട്ടാം വർഷം റബീഉൽ അവ്വൽ മാസത്തിലാണ് ശുജാഅ് ബിൻ വഹബിന്റെ നേതൃത്വത്തിൽ പുറപ്പെട്ടത്. സിയ്യ് മദീനയിൽനിന്ന് 5 രാത്രിയുടെ യാത്രാ ദൈർഘ്യമുള്ളതും മക്കയുടെയും ബസറയുടെയുമിടയിൽ സ്ഥിതി ചെയ്യുന്നതുമായ പ്രദേശമാണ്.*(സുബുലുൽ ഹുദാ വർറശാദ് വാല്യം 6, പേജ് 142 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(ശറഹ് അസ്സർഖാനീ അലൽമവാഹിബില്ലദുന്നിയ വാല്യം 3 പേജ് 337, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത്)*

ഹദ്റത്ത് ശുജായിന്റെ പിതാവിന്റെ പേര് വഹബ് ബിൻ റബീഅ എന്നായിരുന്നു. ശുജാഅ് ആദ്യകാലത്ത് ഇസ്‌ലാം സ്വീകരിച്ച മഹാത്മാക്കളായ സ്വഹാബാക്കളുടെ ഗണത്തിൽപ്പെടുന്നു. നബിﷺതിരുമേനിയുടെ പ്രവാചക നിയോഗത്തിന്റെ ആറു വർഷത്തിനു ശേഷം നബിﷺതിരുമേനിയുടെ നിർദ്ദേശപ്രകാരം ഹബ്ശയിലേക്ക് പോകുന്ന മുഹാജിരീങ്ങളുടെ രണ്ടാമത്തെ സംഘത്തോടൊപ്പം ചേർന്ന് ഹബ്ശയിലേക്ക് പലായനം ചെയ്തു. കുറച്ചുകാലത്തിനുശേഷം മക്കക്കാരെല്ലാവരും മുസ്‌ലിമീങ്ങളായെന്ന കിംവദന്തിയെ തുടർന്ന് ഹദ്റത്ത് ശുജാഅ് ഹബ്ശയിൽനിന്ന് മക്കയിൽ തിരിച്ചു വരികയും ചെയ്തു. നബിﷺതിരുമേനി സ്വഹാബാക്കൾക്ക് മദീനയിൽ ഹിജ്റത്ത് ചെയ്യുന്നതിന് അനുവാദം നൽകിയപ്പോൾ ഇദ്ദേഹം തന്റെ സഹോദരനായ ഉഖ്ബ ബിൻ വഹ്ബിനോടൊപ്പം മക്കയോടു വിടപറഞ്ഞ് മദീനയിലെത്തി. ഹദ്റത്ത് ശുജാഅ് ബദ്ർ, ഉഹുദ്, ഖൻദഖ് തുടങ്ങി എല്ലാ യുദ്ധങ്ങളിലും നബിﷺതിരുമേനിയോടൊപ്പം പങ്കെടുത്തിട്ടുണ്ട്. 40 വയസ്സിലധികം ജീവിച്ചിരുന്നു. യമാമ യുദ്ധത്തിൽ ശഹീദായി. *(ശറഹ് അസ്സർഖാനീ അലൽമവാഹിബില്ലദുന്നിയ വാല്യം 5 പേജ് 21, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത്)(ഉസുദുൽഗാബ വാല്യം 2, പേജ് 611, വാല്യം 4, പേജ് 59, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത്)(സുബുലുൽ ഹുദാ വർറശാദ് വാല്യം 6, പേജ് 143 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ഏതായാലും ഈ സരിയ്യഃയുടെ വിശദീകരണത്തിൽ പറയുന്നു: നബിﷺതിരുമേനിക്ക് തുടർച്ചയായി സിയ്യ് എന്ന പ്രദേശത്തുനിന്ന് ബനു ഹവാസൻ ഗോത്രം ഇസ്‌ലാമിക ശത്രുക്കളെ സഹായിക്കുകയും മുസ്‌ലിമീങ്ങളുടെ സഖ്യഗോത്രങ്ങളിലെ ആളുകളെ കൊള്ളയടിച്ച് കാടുകളിൽ ഒളിച്ചിരിക്കുകയാണെന്നുമുള്ള അറിയിപ്പ് കിട്ടിക്കൊണ്ടിരുന്നു.

നബിﷺതിരുമേനി ഹിജ്റ എട്ടാം വർഷം റബീഉൽ അവ്വൽ മാസത്തിൽ ശുജായിനെ 40 യോദ്ധാക്കളോടൊപ്പം ബനു ഹവാസിൻ ഗോത്രത്തെ നേരിടുന്നതിന് പറഞ്ഞയച്ചു. ഇവരെ ബനൂ ആമിർ ഗോത്രം എന്നും പറയാറുണ്ട്. ഇവർ രാത്രിയിൽ സഞ്ചരിക്കുകയും പകൽ സമയത്ത് ഒളിഞ്ഞിരിക്കുകയും ചെയ്തിരുന്നു.

അങ്ങനെ ഓർക്കാപ്പുറത്ത് അവർ രാവിലെ സമയം ബനൂ ആമിർ ഗോത്രത്തിന്റെ തലക്കുമീതെ എത്തി അവരെ ആക്രമിച്ചു. ഹദ്റത്ത് ശുജാഅ് യോദ്ധാക്കളോടു അവരെ പിന്തുടരേണ്ടതില്ലെന്ന് പറഞ്ഞു. അവരിൽനിന്ന് നിരവധി ഒട്ടകങ്ങളും ആടുകളും ലഭിച്ചു. അവർ അവയെ തെളിച്ചു കൊണ്ടുവരികയും അത് സമരാർജിത സ്വത്തുക്കളായി ഭാഗിച്ചെടുക്കുകയും ചെയ്തു. അവരിൽ ഓരോ വ്യക്തിക്കും 15 ഒട്ടകം വീതം കിട്ടി. യുദ്ധത്തിന് 15 ദിവസമാണ് ചെലവഴിച്ചത്.*(ഗസ്‌വാത്ത് വ സറായ, മുഹമ്മദ് അള്ഹർ ഫരീദ് ശാഹ്, പേജ് 415, ഫരീദിയ്യ പബ്ലിഷേഴ്സ് സാഹീവാൽ)(അസ്സീറത്തുൽഹൽബിയ്യ വാല്യം 3, പേജ് 267,ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത്)*

മറ്റൊരു സരിയ്യഃ ഹദ്റത്ത് കഅ്ബ് ബിൻ ഉമയ്റിന്റെ നേതൃത്വത്തിൽ ദാത്ത് അത്‌ലാഹിലേക്ക് നിയോഗിക്കപ്പെട്ടതാണ്. ഈ സരിയ്യഃ എട്ടാം വർഷം റബീഉൽ അവ്വൽ മാസത്തിലാണ് നടന്നത്. *(സുബുലുൽ ഹുദാ വർറശാദ് വാല്യം 6, പേജ് 143 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ഇത് ശാമിൽ വാദിയുൽ ഖുറായുടെ പിൻഭാഗത്തു മുഅ്ത്ത എന്ന സ്ഥലത്തിന്റെ പ്രാന്ത പ്രദേശങ്ങളിൽ, മദീനയിൽനിന്ന് ഏകദേശം 600 മൈൽ ദൂരെയായിരുന്നു.

ഹദ്റത്ത് കഅ്ബിന്റെ കൂടെ 15 സ്വഹാബത്തുണ്ടായിരുന്നു. നബിﷺതിരുമേനിക്ക് ബനൂഖുളാഅ ഗോത്രം, വാദിൽഖുറായുടെ മുമ്പേ ദാത്തുഅത്‌ലാഹിൽ മുസ്‌ലിമീങ്ങളെ ആക്രമിക്കുന്നതിനുവേണ്ടി വലിയൊരു സംഘത്തെ തയ്യാറാക്കുന്നുവെന്ന് അറിയിപ്പ് ലഭിച്ചിരുന്നു.*(ഗസ്‌വത്തു മുഅ്ത്ത വസ്സറായാ വൽബഊഥ്, ബരീക് ബിൻ മുഹമ്മദ് പേജ് 219)(ഗസ്‌വത്തു മുഅ്ത്ത, ബാശമീൽ, പേജ് 325, നഫീസ് അക്കാഡമി കറാച്ചി) (ഗസ്‌വാത്ത് വസ്സറായാ, മുഹമ്മദ് അള്ഹർ ഫരീദ് ശാഹ് പേജ് 416, ഫരീദിയ പബ്ലിഷേഴ്സ് സാഹീവാൽ)*

ദാത്തു അത്‌ലാഹിലെത്തിയപ്പോൾ ഹദ്റത്ത് കഅ്ബ് ശത്രുക്കളുടെ ഒരു വലിയ സംഘത്തെ കണ്ടു. അതിനുള്ളകാരണം ഹദ്റത്ത് കഅ്ബ് പുറപ്പെട്ടപ്പോൾ ദാത്തുഅത്‌ലാഹ് എന്ന സ്ഥലത്തിന് സമീപം ശത്രുവിന്റെ ഒരു ചാരൻ അവരെ കാണുന്നുണ്ടായിരുന്നു. അയാൾ ഉടൻതന്നെ തന്റെ ആളുകൾക്ക് മുസ്‌ലിമീങ്ങളുടെ നീക്കത്തെ കുറിച്ച് വിവരം കൊടുത്തു.

അവർ തയ്യാറെടുപ്പു നടത്തുകയും വലിയ സൈന്യത്തെ ഒരുക്കുകയും ചെയ്തു. സ്വഹാബത്ത് അവരെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. പക്ഷേ, അവർ നിരാകരിച്ചു. അവർ സ്വഹാബത്തിനുമേൽ അമ്പെയ്യാൻ തുടങ്ങി. നബിﷺതിരുമേനിയുടെ സ്വഹാബത്ത് അവരുടെ നീക്കം കണ്ടപ്പോൾ അവരോടു ശക്തമായി പോരാടി. അങ്ങനെ ആ പോരാട്ടത്തിൽ അവരെല്ലാവരും ശഹീദാകുകയും ചെയ്തു.

അവരിൽപ്പെട്ട ഒരു സ്വഹാബി കൊല്ലപ്പെട്ടവർക്കിടയിൽ പരിക്കേറ്റു കിടക്കുന്നുണ്ടായിരുന്നു. അദ്ദേഹം അവിടെനിന്ന് രക്ഷപ്പെട്ടു. ഒരു നിവേദനമനുസരിച്ച് അത് ഹദ്റത്ത് കഅബ് ബിൻ ഉമയ്ർؓ തന്നെയായിരുന്നു.*(അസ്സീറത്തുൽ ഹൽബിയ്യ, വാല്യം 3, പേജ് 267, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(ഗസ്‌വാത്ത് വസ്സറായാ, മുഹമ്മദ് അള്ഹർ ഫരീദ് ശാഹ് പേജ് 416, ഫരീദിയ പബ്ലിഷേഴ്സ് സാഹീവാൽ)(സുബുലുൽ ഹുദാ വർറശാദ് വാല്യം 6, പേജ് 143 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്, ലബ്നാൻ 1993)*

എന്തായാലും എഴുതിയിരിക്കുന്നു: അങ്ങനെ രാത്രി തണുപ്പുണ്ടായപ്പോൾ അദ്ദേഹം യാത്ര ചെയ്ത് നബിﷺതിരുമേനിയുടെ അടുത്തെത്തുകയും ഈ സംഭവത്തിന്റെ വിവരം നൽകുകയും ചെയ്തു. നബിﷺതിരുമേനിക്ക് ആ വാർത്ത വളരെയേറെ അസ്വസ്ഥത ഉണ്ടാക്കി.*(കിതാബുൽമഗാസിലിൽവാഖ്ദി വാല്യം 2, പേജ് 202, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

നബിﷺതിരുമേനി ഉടൻതന്നെ അവർക്കുനേരെ ഒരു സൈന്യത്തെ അയക്കാൻ തീരുമാനിച്ചു. പക്ഷേ, അവർ അവരുടെ സ്ഥാനത്തുനിന്നു മാറി മറ്റൊരു സ്ഥലത്ത് പോയെന്ന് വിവരം കിട്ടിയപ്പോൾ നബിﷺതിരുമേനി നീക്കം മാറ്റിവെക്കുകയാണ് ചെയ്തത്. *(അസ്സീറത്തുൽ ഹൽബിയ്യ, വാല്യം 3, പേജ് 267, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

മുഅ്ത്ത യുദ്ധം: ഇത് ഹിജ്റ എട്ടാം വർഷം ജമാദുൽ ആഖിർ അതായത് എ.ഡി. 629 സെപ്റ്റംബർ മാസത്തിലാണ് നടന്നത്. മുഅ്ത്ത എന്നത് ശാമിന്റെ അതിർത്തികളിൽ ബൽഖാഇന്റെ ദേശത്തുള്ള ഒരു ജനവാസ സ്ഥലമാണ്. ഇതു മദീനയിൽനിന്ന് ഏകദേശം 600 മൈൽ ദൂരെ സ്ഥിതി ചെയ്യുന്നു. ഈ യുദ്ധത്തെ ജയ്ശുൽ ഉംറാഅ് എന്നും പറയാറുണ്ട്. കാരണം നബിﷺതിരുമേനി സൈന്യം പുറപ്പെടുന്നതിനുമുമ്പേ അതിന് ഒന്നിലധികം അമീർമാരെ അതായത് സൈനിക മേധാവികളെ നിശ്ചയിച്ചിട്ടുണ്ടായിരുന്നു. *(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്ؓഎം.എ. പേജ് 740)(സുബുലുൽ ഹുദാ വർറശാദ് വാല്യം 6, പേജ് 144 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്, ലബ്നാൻ 1993)(ഗസ്‌വ ഉഹുദ്, അല്ലാമാ ബാശമീൽ, പേജ് 325, നഫീസ് അക്കാഡമി കറാച്ചി)(അനാറത്തുദ്ദുജി ഫീ മഗാസി ഖയ്റുൽവറാ, ഹസൻ ബിൻ മുഹമ്മദ് അൽമുശാത് പേജ് 558, ദാറുൽമിൻഹാജ് ലിന്നശ്രി വത്തൗസീഅ്)*

ഈ യുദ്ധത്തിനുള്ള സാഹചര്യത്തെ പറ്റി പറയുന്നു:നബിﷺതിരുമേനി ഹദ്റത്ത് ഹാരിഥ് ബിൻ ഉമയ്റിനെ, സന്ദേശവാഹകനെന്ന നിലയിൽ തന്റെ കത്തുമായി ബസറഭരണാധികാരിയുടെ അടുത്ത് അയച്ചു. അങ്ങനെ അദ്ദേഹം മുഅ്ത്തയിലെത്തിയപ്പോൾ അവിടെ ശർജീൽ ബിൻ അംറ് ഗസ്സായി അദ്ദേഹത്തിന്റെ അടുത്തുവന്ന് ചോദിച്ചു: എവിടേക്കാണ് പോകുന്നത്? അദ്ദേഹം പറഞ്ഞു: ശാമിലേക്ക് പോവുകയാണ്. ശർജീൽ ചോദിച്ചു: നിങ്ങൾ മുഹമ്മദ് റസൂലുല്ലാഹ്ﷺയുടെ സന്ദേശവാഹകനോ മറ്റോ ആണോ? അദ്ദേഹം പറഞ്ഞു: അതെ, ഞാൻ നബിﷺതിരുമേനിയുടെ സന്ദേശവാഹകനാകുന്നു. അയാൾ തന്റെ കൂട്ടുകാരോടു അദ്ദേഹത്തെ ബന്ധനസ്ഥനാക്കാൻ ആജ്ഞ കൊടുത്തപ്പോൾ അവർ അദ്ദേഹത്തെ ബന്ധനസ്ഥനാക്കി. അയാളുടെ നിർദ്ദേശപ്രകാരം ബന്ധനസ്ഥനാക്കുക മാത്രമല്ല ശഹീദാക്കുകയും ചെയ്തു.

നബിﷺതിരുമേനി ഈ വർത്തമാനമറിഞ്ഞപ്പോൾ വളരെയധികം അസ്വസ്ഥനായി. സ്വഹാബാക്കളെ വിളിക്കുകയും അവരോടു ഹദ്റത്ത് ഹാരിഥ് ബിൻ ഉമയ്റിന്റെ ശഹാ

ദത്തിനെ കുറിച്ചും അദ്ദേഹത്തെ ശഹീദാക്കിയവരെക്കുറിച്ചും പറയുകയും ചെയ്തു. ഇതാണ് മുഅ്ത്ത യുദ്ധത്തിന് കാരണമായിത്തീർന്നത്. *(അത്ത്വബഖാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ് , വാല്യം 4, പേജ് 255, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ ഈ യുദ്ധത്തിന്റെ കാരണങ്ങളും പശ്ചാത്തലവും വിവരിച്ചുകൊണ്ട് എഴുതുന്നു: "നബിﷺതിരുമേനി മക്ക സന്ദർശിച്ച് തിരിച്ചു വരുമ്പോൾത്തന്നെ ശാമിന്റെ അതിർത്തികളിൽ ക്രിസ്ത്യൻ-അറബ് ഗോത്രങ്ങൾ യഹൂദികളും അവിശ്വാസികളും പ്രലോഭിപ്പിക്കുന്നതിനനുസരിച്ച് മദീനയെ ആക്രമിക്കാൻ തയ്യാറാകുന്നുവെന്ന വാർത്തകൾ ലഭിച്ചു തുടങ്ങിയിരുന്നു. അങ്ങനെ നബിﷺതിരുമേനി, ഇവരെപ്പറ്റി കേൾക്കുന്ന കാര്യങ്ങൾ എത്രമാത്രം ശരിയാണെന്ന് അറിയുന്നതിന് ശാമിന്റെ അതിർത്തിപ്രദേശങ്ങളിലേക്ക് 15 പേരടങ്ങുന്ന ഒരു സംഘത്തെ അയച്ചു. ഇവർ ശാമിന്റെ അതിർത്തികളിലെത്തിയപ്പോൾ അവിടെ ഒരു സൈന്യം സംഘടിക്കുന്നുണ്ടായിരുന്നു. ഈ സംഘം തിരിച്ചുവന്ന് നബിﷺ തിരുമേനിക്ക് വിവരം നൽകുന്നതിനുപകരം അവിടെ തബ്‌ലീഗ് ആരംഭിച്ചു. അത് അക്കാലത്ത് ഒരു വിശ്വാസിയുടെ സത്യസന്ധമായ ലക്ഷണമായി കരുതപ്പെട്ടിരുന്നു. അത്തരം ചിന്തയിൽ വശംവദരായിക്കൊണ്ട് അവർ ധൈര്യപൂർവ്വം മുന്നോട്ടുനീങ്ങുകയും അവരെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു കൊണ്ടിരിക്കുകയും ചെയ്തു. ശത്രുക്കൾ പ്രലോഭിപ്പിച്ചതനുസരിച്ച് മുഹമ്മദ് റസൂലുല്ലാഹ്ﷺന്റെ നാടിനുമേൽ ആക്രമണം നടത്തി ആധിപത്യം നേടാൻ ആഗ്രഹിച്ചവരെ ഈ ആളുകളുടെ തൗഹീദിനെ സംബന്ധിച്ചുള്ള അധ്യാപനം എങ്ങനെ സ്വാധീനിക്കാനാണ്? അവർക്ക് ഈ തബ്‌ലീഗ് ഫലപ്രദമാകുമായിരുന്നില്ല. ഇവർ അവിടെയുള്ള ആളുകൾക്ക് ഇസ്‌ലാമിന്റെ അധ്യാപനത്തെക്കുറിച്ച് കേൾപ്പിച്ചു തുടങ്ങിയപ്പോൾ നാലു ഭാഗത്തുനിന്നും സൈനികരായ ആളുകൾ വില്ലുകളുമെടുത്തു അവരെ വളഞ്ഞു. അവർക്കുമേൽ അമ്പെയ്യാൻ തുടങ്ങി. തങ്ങളുടെ തബ്‌ലീഗിന് മറുപടിയായി തെളിവുകളും കാര്യങ്ങളും സമർപ്പിക്കുന്നതിനുപകരം ശത്രുക്കൾ അമ്പെയ്യുകയാണെന്ന് കണ്ടപ്പോൾ മുസ്‌ലിമീങ്ങൾ ഓടിപ്പോവുകയല്ല ചെയ്തത്. പ്രത്യുത നൂറുക്കണക്കിനും ആയിരക്കണക്കിനും വരുന്ന ശത്രുക്കൾക്കുമുന്നിൽ തങ്ങളുടെ ജീവൻ രക്ഷിച്ചോടുന്നതിനു പകരം സത്യസന്ധരായ മുസ്‌ലിമീങ്ങളെന്ന നിലയിൽ ആ 15 പേർ ശക്തമായിനിന്ന് അവരോടു പോരാടി. അങ്ങനെ മുഴുവൻപേരും അവിടെ മരിച്ച് കുന്നുകൂടി."

ഇക്കാലത്തെ നാമമാത്ര മുസ്‌ലിമീങ്ങളും അഹ്മദികൾക്കുനേരെ ഇതേ രീതിയിൽത്തന്നെയാണ് പെരുമാറിക്കൊണ്ടിരിക്കുന്നത്.

"നബിﷺതിരുമേനി മറ്റൊരു സൈനിക സംഘത്തെ അയച്ചുകൊണ്ട് ശത്രുക്കൾക്ക് ശിക്ഷ നൽകാൻ, ഇത്രമാത്രം അക്രമം ചെയ്ത ശത്രുക്കളെ പാഠം പഠിപ്പിക്കാനാഗ്രഹിച്ചു. ഇതിന്നിടയിൽ പ്രസ്തുത സൈന്യം, അതായത് അവിടെ ഒരുമിച്ചുകൂടിക്കൊണ്ടിരുന്ന സൈന്യം അവിടെനിന്ന് പോയെന്ന വാർത്ത കേട്ടപ്പോൾ നബിﷺതിരുമേനി കുറച്ചു കാലത്തേക്ക് തന്റെ തീരുമാനം മാറ്റിവെച്ചു.

നബിﷺതിരുമേനി ഇതിന്നിടയിൽ റോമൻ സാമ്രാജ്യത്തിന്റെ ബസ്റയിലെ ഭരണാധിപനായിരുന്ന ഗസ്സാൻ ഗോത്രത്തലവന് അതല്ല റോമൻ ചക്രവർത്തിയായ ഖയ്സ്വറിനു ഒരു കത്തെഴുതി. ഈ കത്തിൽത്തന്നെയാണ് മേൽപ്പറഞ്ഞ സംഭവത്തെക്കുറിച്ച് അതായത് ശാമിലെ ചില ഗോത്രങ്ങൾ ഇസ്‌ലാമിക പ്രദേശങ്ങളിൽ ആക്രമണം നടത്താൻ തയ്യാറാകുന്നുവെന്നും അവർ അകാരണമായി 15 മുസ്‌ലിമീങ്ങളെ വധിച്ചിരിക്കുന്നുവെന്നും പരാതി ഉന്നയിച്ചതെന്ന് തോന്നുന്നു. ഈ കത്ത് അൽഹാരിഥ് എന്നു പേരുള്ള ഒരു സ്വഹാബിയുടെ കൈയിലാണ് കൊടുത്തയച്ചത്. അദ്ദേഹം ശാമിൽപ്പോകുന്ന വഴി മുഅ്ത്ത എന്ന സ്ഥലത്തുതങ്ങി. അവിടെ ഗസ്സാൻ ഗോത്രത്തിന്റെ തലവൻ സർജീൽ അദ്ദേഹത്തെ കാണാനിടയായി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓസർജീൽ എന്നാണ് എഴുതിയിട്ടുള്ളത്. ഇയാൾ ഖയ്സ്വർ നിശ്ചയിച്ച ഭരണാധിപന്മാരിൽപ്പെട്ട ആളായിരുന്നു. ഞാൻ മനസ്സിലാക്കുന്നത് ശരിയായ പേര് ശർജീൽ എന്നു തന്നെയാണ്. ഒരുപക്ഷേ, പകർത്തിയെഴുതിയതിൽവന്ന പിഴവായിരിക്കും. അയാൾ അദ്ദേഹത്തോടു ചോദിച്ചു: നിങ്ങൾ എവിടെയാണ് പോകുന്നത്? നിങ്ങൾ റസൂലുല്ലായുടെ സന്ദേശ വാഹകനാണോ? അദ്ദേഹം പറഞ്ഞു: 'അതെ.' അതു കേട്ടപ്പോൾ അയാൾ അദ്ദേഹത്തെ ബന്ധനസ്ഥനാക്കി. കയറുകൊണ്ടു വരിഞ്ഞു കെട്ടുകയും ശക്തമായി അദ്ദേഹത്തെ പ്രഹരിച്ച് വധിക്കുകയും ചെയ്തു. ചരിത്രത്തിൽ ഇതിന്റെ വിശദീകരണം വന്നിട്ടില്ല. പക്ഷേ, ഈ സംഭവം മനസ്സിലാക്കിത്തരുന്നത്, ശർജീൽ നേരത്തെ 15 സ്വഹാബാക്കളെ വധിച്ച സൈനിക സംഘത്തിന്റെ നേതാക്കന്മാരിലൊരാളായിരുന്നുവെന്നാണ്. നിങ്ങൾ മുഹമ്മദിﷺന്റെ സന്ദേശവാഹകനാണോ എന്ന അയാളുടെ ചോദ്യം മനസ്സിലാക്കിത്തരുന്നത്, നിങ്ങളുടെ നാട്ടിലെ ആളുകൾ ഞങ്ങളുടെ നാട്ടിൽ ആക്രമണം നടത്തുന്നുവെന്ന് നബിﷺതിരുമേനി ഖയ്സ്വറിനോടു പരാതിപ്പെടുമെന്നും അങ്ങനെ രാജാവ് തങ്ങളോടു അതേക്കുറിച്ച് ചോദ്യം ചെയ്തേക്കുമെന്നും അയാൾക്ക് ഭയമുണ്ടായിരുന്നെന്നാണ്. അതുകൊണ്ട് സന്ദേശവാഹകനെ കൊല്ലുകയാണെങ്കിൽ സന്ദേശം അവിടെ എത്തുകയോ അതേ സംബന്ധിച്ച് അന്വേഷണമുണ്ടാവുകയോ ചെയ്യുന്നതല്ലെന്നും അതാണ് തനിക്ക് ഗുണകരമെന്നും അയാൾ കരുതിയിരിക്കാം. പക്ഷേ, അല്ലാഹു അയാളുടെ ദുഷ്ടലാക്ക് പൂർത്തിയാക്കിയില്ല. നബിﷺതിരുമേനിക്ക് ഹാരിഥ് മരണപ്പെട്ട വാർത്ത എങ്ങനെയോ എത്തി. തുടർന്ന് നബിﷺതിരുമേനി ഈ സംഭവത്തിനും ഇതിനു മുമ്പേയുണ്ടായ സംഭവത്തിനും ശിക്ഷ കൊടുക്കുന്നതിന് 3000 പേരടങ്ങുന്ന സൈന്യത്തെ തയ്യാറാക്കി. താൻ സ്വാതന്ത്രനാക്കിയ അടിമ ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയുടെ നേതൃത്വത്തിൽ ശാമിൽ അയച്ചു."*(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽഉലൂം വാല്യം 20, പേജ് 331-333)*

ഈ സന്ദർഭത്തിൽ നബിﷺ തിരുമേനിയുടെ സൈന്യാധിപന്മാരെ നിയമിക്കുന്നത് സംബന്ധിച്ച പരാമർശവും ഇങ്ങനെ ലഭിക്കുന്നുണ്ട്. നബിﷺതിരുമേനി, ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയെ 3000 പേരടങ്ങുന്ന സൈന്യത്തിന്റെ നേതാവായി നിശ്ചയിച്ചു. അവിടന്ന് പറഞ്ഞു:സയ്ദ് ശഹീദാകുകയാണെങ്കിൽ ജഅ്ഫർ ബിൻ അബീ ത്വാലിബ് അമീറാകണം. ജഅ്ഫർ ബിൻ അബീ ത്വാലിബ് ശഹീദായാൽ അബ്ദുല്ലാഹ് ബിൻ റവാഹؓഅമീറാകണം. അദ്ദേഹവും ശഹീദായാൽ മുസ്‌ലിമീങ്ങളിൽനിന്ന് നിങ്ങളിഷ്ടപ്പെടുന്ന മറ്റൊരാളെ നേതാവായി നിശ്ചയിക്കേണ്ടതാണ്.

നുഅ്മാൻ എന്ന് പേരുള്ള ഒരു യഹൂദി അവിടെ ഉണ്ടായിരുന്നു. അയാൾ പറഞ്ഞു: 'അബുൽ ഖാസിമേ! (യഹൂദികൾ അങ്ങനെയാണ് നബിﷺതിരുമേനിയെ വിളിച്ചിരുന്നത്) അങ്ങ് നബിയാണെങ്കിൽ ആരുടെയെല്ലാം പേര് അങ്ങ് പറഞ്ഞുവോ അവർ കുറച്ചു പേരാണെങ്കിലും അധികം പേരാണെങ്കിലും എല്ലാവരും ശഹീദാകുന്നതാണ്.' തുടർന്നു പറഞ്ഞു: 'ബനീ ഇസ്റാഈലിലെ പ്രവാചകന്മാർ ആരെയെങ്കിലും സമൂഹത്തിന്റെ നേതാവായി നിശ്ചയിക്കുകയും പിന്നീട് അയാൾ മരണപ്പെടുകയും ഇന്നയാൾ നേതാവാകണമെന്ന് പറയുകയും ചെയ്താൽ അവർ 100 പേരുടെ പേരാണ് പറഞ്ഞതെങ്കിൽപ്പോലും അവരെല്ലാവരും കൊല്ലപ്പെടുമായിരുന്നു. പിന്നീട് ഈ യഹൂദി ഹദ്റത്ത് സയ്ദിനോടു പറഞ്ഞു: മുഹമ്മദ്ﷺ സത്യസന്ധനായ പ്രവാചകനാണെങ്കിൽ നിങ്ങൾക്ക് തിരിച്ചുവരാൻ കഴിയുകയില്ല. അതുകൊണ്ട് വസിയ്യത്ത് ചെയ്തു പോവുക. അതിനു മറുപടിയായി ഹദ്റത്ത് സയ്ദ്ؓപറഞ്ഞു: "നബിﷺതിരുമേനി സത്യസന്ധനും പരിശുദ്ധനുമായ പ്രവാചകനാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു."

നബിﷺതിരുമേനി അമീറുമാരെ നിശ്ചയിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു സംഭവമുണ്ടായി: ഹദ്റത്ത് ജഅ്ഫർؓപറഞ്ഞു: 'യാ റസൂലല്ലാഹ്! എന്റെ മാതാപിതാക്കൾ അങ്ങയ്ക്ക് തെണ്ടമാണ്, ഞാൻ പ്രതീക്ഷിച്ചത് അങ്ങ് എന്നെ സയ്ദിനുമേൽ അമീറായി നിശ്ചയിക്കുമെന്നാണ്.' തുടർന്നു പറഞ്ഞു: 'ഞാൻ ഉന്നത കുടുംബമാകുന്നു. അങ്ങ് എന്നെ അമീറായി നിശ്ചയിച്ചില്ല.' നബിﷺതിരുമേനി പറഞ്ഞു: "താങ്കൾ പോകുക, എന്താണ് നന്മയെന്ന് നിങ്ങൾക്കറിയുകയില്ല.' പിന്നീട് ഒരു വെളുത്ത പതാക സയ്ദിന് കൊടുത്തു, അദ്ദേഹത്തെ ഉപദേശിച്ചുകൊണ്ടു പറഞ്ഞു: "ഹാരിഥ് ബിൻ ഉമയ്ർ ശഹീദായ സ്ഥലത്തെത്തി ജനങ്ങളെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുക. അവർ സ്വീകരിക്കുന്നെങ്കിൽ നല്ലത്. അല്ലെങ്കിൽ അവർക്കെതിരിൽ അല്ലാഹുവിനോട് ദുആ ചെയ്തുകൊണ്ട് യുദ്ധം ചെയ്യുക." *(സുബുലുൽ ഹുദാ വർറശാദ് വാല്യം 6, പേജ് 145 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്) (ശറഹ് അസ്സർഖാനീ അലൽ മവാഹിബുല്ലദുന്നിയ്യ വാല്യം 3, പേജ് 340, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(സ്വഹീഹ് ബുഖാരി കിതാബുൽമഗാസി, ബാബു ഗസ്‌വത്തുമുഅ്ത്ത ഹദീഥ് 4261)*

നബിﷺതിരുമേനി അവരെ യാത്രയയച്ചു. ഉപദേശിക്കുകയും ചെയ്തു. ഇതു സംബന്ധമായുള്ള വിശദീകരണം ഇപ്രകാരമാണ്: "ആളുകൾ തയ്യാറായി പുറപ്പെട്ടു. മദീനയിൽനിന്ന് മൂന്നു മൈൽ ദൂ

രെ ജുറുഫ് എന്ന സ്ഥലത്ത് സൈന്യം സംഘടിച്ചു. നബിﷺതിരുമേനിയും അവർക്ക് യാത്രയയപ്പു നൽകുന്നതിന് ഥനിയ്യത്തുൽവദാഅ്വരെ വന്നിരുന്നു.

നബിﷺതിരുമേനി യുദ്ധത്തിന് പറഞ്ഞയക്കുന്നതിനുമുമ്പേ ഇസ്ലാമിക സൈന്യത്തിന് നിർദ്ദേശങ്ങൾ നൽകിക്കൊണ്ടു പറഞ്ഞു:

"നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടാനും കൂടെയുള്ള മുസ്‌ലിമീങ്ങളുടെ ക്ഷേമത്തിനുവേണ്ടിയും ഞാൻ നിങ്ങളോടു വസ്വിയ്യത്ത് ചെയ്യുന്നു. അല്ലാഹുവിന്റെ നാമത്തിൽ അവന്റെ ശത്രുക്കൾക്കെതിരിൽ പോരാടുക. നിങ്ങൾ ചതിക്കുകയോ വഞ്ചിക്കുകയോ ചെയ്യരുത്. മുലപ്പാൽ കുടിക്കുന്ന കുട്ടികളെയും സ്ത്രീകളെയും കൊല്ലരുത്. വൃദ്ധരേയും കൊല്ലരുത്. ഈന്തപ്പനയോ മറ്റു ഫലവൃക്ഷങ്ങളോ മുറിക്കരുത്. ഒരു തരത്തിലുള്ള വൃക്ഷവും നശിപ്പിക്കരുത്. കെട്ടിടങ്ങൾ തകർക്കരുത്."*(ശറഹ് അസ്സർഖാനീ അലൽമവാഹിബില്ലദുന്നിയ വാല്യം 3 പേജ് 342, ദാറുൽകുതുബുൽഇൽമിയ്യ)*

തുടർന്ന് നബിﷺതിരുമേനി സൈനിക മേധാവിയെ ഉപദേശിച്ചുകൊണ്ടു പറഞ്ഞു: "നിങ്ങൾ അന്യാരാധകരെ കണ്ടുമുട്ടുമ്പോൾ മൂന്ന് കാര്യങ്ങളിൽ ഒന്നിലേക്ക് അവരെ ക്ഷണിക്കുക. അവരതിൽ ഏതു കാര്യം സ്വീകരിച്ചാലും നിങ്ങൾ അതംഗീകരിക്കുക. പിന്നീട് അവരെ ഒരു നിലയ്ക്കും ബുദ്ധിമുട്ടിക്കരുത്. അവരോടു പറയുക, അവർ തങ്ങളുടെ നാട്ടിൽനിന്ന് മുഹാജിരീങ്ങളുടെ (പലായനം ചെയ്തവരുടെ) നാട്ടിലേക്ക് മാറിപ്പോകേണ്ടതാണ്. അവർ അങ്ങനെ ചെയ്യുകയാണെങ്കിൽ അവരോടും പലായനം ചെയ്തവരോടു ചെയ്തതുപോലെ വർത്തിക്കുന്നതായിരിക്കും. പലായനം ചെയ്തവർക്കുമേലുള്ള കാര്യങ്ങൾ മാത്രമേ അവർക്കും ബാധകമാകുകയുള്ളൂ. ഇനി അവർ അത് നിഷേധിക്കുകയാണെങ്കിൽ അവരോടു പറയുക, മുസ്‌ലിമീങ്ങളിൽനിന്ന് മാറി നാട്ടുമ്പുറത്ത് താമസമാക്കുക, അതായത് ഗ്രാമീണ വാസികളോടൊപ്പം താമസിക്കുക. ആ സന്ദർഭത്തിൽ അവർക്ക് മറ്റു മുസ്‌ലിമീങ്ങളോടുള്ള അതേ ദൈവകൽപ്പന മാത്രമേ ബാധകമാകുകയുള്ളൂ. എന്നാൽ, അവർ മുസ്‌ലിമീങ്ങളുമായി ചേർന്ന് യുദ്ധം ചെയ്യുന്ന കാലംവരെയും അവർക്ക് ഗനീമത്തു മുതലുകളോ അഥവാ സമരാർജിത സ്വത്തുക്കളോ യുദ്ധം കൂടാതെ ലഭ്യമായ സ്വത്തുക്കളിൽനിന്നോ ഒന്നും ലഭിക്കുന്നതല്ല. ഇനി അവർ അതും നിരാകരിക്കുകയാണെങ്കിൽ അവരോടു ജിസ്‌യ അഥവാ കരം കൊടുക്കാൻ പറയുക. അവർ അതിന് തയ്യാറാകുകയാണെങ്കിൽ അത് സ്വീകരിക്കുക. അവരെ പ്രയാസപ്പെടുത്താതിരിക്കുക. ഇനി അവർ ഇതും നിഷേധിക്കുകയാണെങ്കിൽ അല്ലാഹുവിനോടു അവർക്കെതിരെ സഹായം തേടുക, അവർക്കെതിരിൽ ജിഹാദ് ചെയ്യുക. നിങ്ങളേതെങ്കിലും കോട്ടയോ പട്ടണമോ വളയുകയാണെങ്കിൽ, നിങ്ങളിൽനിന്ന് ആരെങ്കിലും അല്ലാഹുവിനേയും അവന്റെ റസൂലിനേയും ഉത്തരവാദിത്വം ഏൽപ്പിക്കാൻ ആഗ്രഹിക്കുകയാണെങ്കിൽ അവർക്ക് അല്ലാഹുവിന്റേയും റസൂലിന്റേയും ഉത്തരവാദിത്വം നൽകരുത്. അതായത് ഈ പേരുംപറഞ്ഞ് അവരോടു ഉടമ്പടി ചെയ്യരുത്, പ്രത്യുത സ്വന്തം നിലയ്ക്കോ സ്വന്തം പിതൃവ്യന്മാരുടെ പേരിലോ അങ്ങനെ ചെയ്യാവുന്നതാണ്. അങ്ങനെയായാൽ നിങ്ങൾ നിങ്ങളുടെ പേരിലോ പിതാക്കന്മാരുടെ പേരിലോ ചെയ്ത ഉടമ്പടി ലംഘിക്കേണ്ടി വരികയാണെങ്കിൽ അത് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും പേരിൽ ചെയ്ത ഉടമ്പടി ലംഘിക്കുന്നതിനേക്കാളും വളരെ സരളമായ കാര്യമായിരിക്കും."*(സുബുലുൽ ഹുദാ വർറശാദ് വാല്യം 6, പേജ് 146 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓഇതിന്റെ വിശദീകരണത്തിൽ പറയുന്നു: "നബിﷺതിരുമേനി കൽപ്പിച്ചു: 'സയ്ദ് ബിൻ ഹാരിഥؓ സൈനിക കമാൻഡറായിരിക്കും. അദ്ദേഹം കൊല്ലപ്പെടുകയാണെങ്കിൽ ജഅ്ഫർ ബിൻ അബീത്വാലിബ് കമാൻഡറാകേണ്ടതാണ്. അദ്ദേഹം കൊല്ലപ്പെട്ടാൽ അബ്ദുല്ലാഹ് ബിൻ റവാഹؓ കമാൻഡറായിരിക്കും. ഇനി അദ്ദേഹവും കൊല്ലപ്പെടുകയാണെങ്കിൽ മുസ്‌ലിമീങ്ങൾ തങ്ങളിൽനിന്ന് ഒരാളെ തങ്ങളുടെ നേതാവായി തിരഞ്ഞെടുക്കേണ്ടതാണ്. ആ സമയത്ത് ഒരു യഹൂദി ആ സദസ്സിലിരിപ്പുണ്ടായിരുന്നു. അയാൾ പറഞ്ഞു: 'അബുൽ ഖാസിമേ! അങ്ങ് സത്യവാനാണെങ്കിൽ ഈ മൂന്നുപേരും തീർച്ചയായും കൊല്ലപ്പെടുന്നതാണ്. കാരണം അല്ലാഹു തന്റെ പ്രവാചകന്മാരുടെ നാവിലൂടെ വരുന്ന വാക്കുകൾ നിശ്ചയമായും പൂർത്തിയാക്കുന്നതായിരിക്കും. പിന്നീട് ഹദ്റത്ത് സയ്ദിനെ സംബോധന ചെയ്ത് പറഞ്ഞു: ഞാൻ നിന്നോടു സത്യമായും സത്യമായും പറയട്ടെ, മുഹമ്മദ്ﷺഅല്ലാഹുവിന്റെ സത്യപ്രവാചകനാണെങ്കിൽ നിനക്കൊരിക്കലും ജീവനോടെ തിരിച്ചുവരാൻ സാധ്യമല്ല.' ഹദ്റത്ത് സയ്ദ് അതിനു മറുപടിയായി പറഞ്ഞു: 'ഞാൻ തിരിച്ചു വന്നാലുമില്ലെങ്കിലും മുഹമ്മദ് റസൂലുല്ലാഹ്ﷺ അല്ലാഹുവിന്റെ സത്യപ്രവാചകനാകുന്നു.'

അടുത്ത ദിവസം രാവിലെ ഈ സൈന്യം പുറപ്പെട്ടു. അവരെ യാത്രയാക്കാൻ നബിﷺതിരുമേനിയും സ്വഹാബാക്കളും വന്നു. നബിﷺതിരുമേനിയുടെ ജീവിതകാലത്ത് തന്റെ നേതൃത്വത്തിൽ അല്ലാതെ ഇത്രയും വലിയ ഒരു സൈന്യം മറ്റേതെങ്കിലും മുസ്‌ലിം മേധാവിയുടെ നേതൃത്വത്തിൽ ഏതെങ്കിലും സുപ്രധാന കാര്യത്തിനുവേണ്ടി പോയിട്ടില്ല. നബിﷺതിരുമേനി സൈന്യത്തോടൊപ്പം നടക്കുകയും അവർക്ക് ഉപദേശങ്ങൾ നൽകിക്കൊണ്ടിരിക്കുകയും ചെയ്തു. അങ്ങനെ മദീനയ്ക്ക് പുറത്ത് ഒരു സ്ഥലത്തെത്തിയപ്പോൾ അവിടെ നബിﷺതിരുമേനി നഫ്ൽ നമസ്കരിച്ചു. ഈ സ്ഥലത്തുവെച്ചാണ് പൊതുവിൽ മദീനക്കാർ യാത്രികർക്ക് യാത്രയയപ്പ് നൽകാറുള്ളത്. പിന്നീട് നബിﷺതിരുമേനി അവിടെ നിൽക്കുകയും ഉപദേശിക്കുകയും ചെയ്തു, അവിടന്ന് സൈനികരെ ഉപദേശിച്ചു കൊണ്ടു പറഞ്ഞു: "ഞാൻ നിങ്ങളെ അല്ലാഹുവിനോടുള്ള തഖ്‌വായെക്കുറിച്ചും നിങ്ങളുടെ കൂടെയുള്ള മുസ്‌ലിമീങ്ങളോടു നല്ല രീതിയിൽ വർത്തിക്കുന്നതിനെക്കുറിച്ചും ഉപദേശിക്കുകയാണ്. നിങ്ങൾ അല്ലാഹുവിന്റെ നാമത്തിൽ യുദ്ധം ചെയ്യുക. ശാമിലുള്ള നിങ്ങളുടേയും അല്ലാഹുവിന്റേയും ശത്രുക്കളോടു യുദ്ധം ചെയ്യുക. നിങ്ങൾ ശാമിലെത്തിയാൽ അവിടെ നിങ്ങൾക്ക് ആരാധനാലയങ്ങളിലിരുന്ന് അല്ലാഹുവിനെ സ്മരിച്ചു കൊണ്ടിരിക്കുന്ന ആളുകളെ കാണാം. നിങ്ങൾ അവരുമായി ഒരു തരത്തിലും ഏറ്റുമുട്ടരുത്. അവരെ ബുദ്ധിമുട്ടിക്കരുത്. അവർക്ക് പ്രയാസമുണ്ടാക്കരുത്. ശത്രുരാജ്യത്ത് ഏതെങ്കിലും സ്ത്രീയെയോ കുട്ടിയെയോ അന്ധനെയോ വൃദ്ധനെയോ കൊല്ലരുത്. ഒരു തരത്തിലുള്ള വൃക്ഷമോ കെട്ടിടമോ നശിപ്പിക്കരുത്." ഈ ഉപദേശം നൽകിക്കൊണ്ട് നബിﷺതിരുമേനി അവിടെനിന്ന് തിരിച്ചു വന്നു. ഇസ്‌ലാമിക സൈന്യം ശാമിലേക്ക് പുറപ്പെടുകയും ചെയ്തു."*(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽഉലൂം, വാല്യം 20, പേജ് 333-334)*

മറ്റൊരു സ്ഥലത്ത് ഇതിന്റെ വിശദീകരണത്തിൽ അദ്ദേഹം ഇക്കാര്യങ്ങളെല്ലാം പറഞ്ഞതിനുശേഷം ഇങ്ങനെ എഴുതുന്നു: 'അല്ലാഹുവിന്റെ യുക്തി നോക്കുക, ഇക്കാര്യങ്ങളെല്ലാം അതേവിധത്തിൽ പുലർന്നു.അതായത് നബിﷺതിരുമേനി ശഹീദാകുമെന്ന് പറഞ്ഞ നേതാക്കന്മാരെല്ലാവരും ശഹീദായി. ആദ്യം ഹദ്റത്ത് സയ്ദുംؓ പിന്നീട് ഹദ്റത്ത് ജഅ്ഫറും സൈന്യത്തിന്റെ നേതൃത്വമേറ്റെടുത്തു. അദ്ദേഹവും ശഹീദായപ്പോൾ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹؓസൈനിക നേതൃത്വം ഏറ്റെടുത്തു. അദ്ദേഹവും വധിക്കപ്പെട്ടു. സൈന്യം ചിതറിപ്പോകുമെന്ന ഒരു അവസ്ഥയുണ്ടായി. അപ്പോൾ ചില മുസ്‌ലിമീങ്ങൾ നിർദ്ദേശിച്ചതനുസരിച്ച് ഹദ്റത്ത് ഖാലിദ് ബിൻ വലീദ്ؓതന്റെ കൈയിൽ പതാകയേന്തി. അല്ലാഹു അദ്ദേഹം മുഖേന മുസ്‌ലിമീങ്ങൾക്ക് വിജയം നൽകുകയും അവർ സ്വസ്ഥമായി തിരിച്ചെത്തുകയും ചെയ്തു.

ഇൻശാ അല്ലാഹ് ഈ വിഷയം


**• ഹദീഥുന്നബ്‌വിﷺ •**

**"അക്‌രിമൂ ഔലാദക്കും."**
**നിങ്ങൾ നിങ്ങളുടെ മക്കളെ ആദരിക്കുക.**

ത്വാലിബെ ദുആ
**C. K.MUHAMMED SHAREEF&FAMILY**
AHMADIYYA JAMA-ATH VANIYAMBALAM,

**• ഹദീഥുന്നബ്‌വിﷺ •**

**"അൽഅമാനത്തു ഇസ്സുൻ."**
**വിശ്വസ്തത അന്തസ്സാണ്.**

ത്വാലിബെ ദുആ
**LATE T.K.SIDHIQUE AND FAMILY**
KARULAI, MALAPPURAM

ഇനിയും തുടരുന്നതാണ്.

ഈ നേരത്ത് ഞാൻ ഒരു ശഹീദിനേയും ചില പരേതാത്മക്കളേയും അനുസ്മരിക്കാൻ ആഗ്രഹിക്കുകയാണ്. അവരുടെ ജനാസഗാഇബും നമസ്കരിക്കുന്നതായിരിക്കും. ഇൻശാ അല്ലാഹ്.

ശഹീദിനെ കുറിച്ചുള്ള അനുസ്മരണം ഇങ്ങനെയാണ്. ലഈഖ് അഹ്മദ് ചീമ സാഹിബ് കഴിഞ്ഞയാഴ്ച കറാച്ചിയിൽ ശഹീദായി. ഇദ്ദേഹം ചൗദ്രീ നദീർ അഹ്മദ് ചീമയുടെ മകനായിരുന്നു. ഇദ്ദേഹത്തെ ഏപ്രിൽ 18-ന് ശഹീദാക്കി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ജനക്കൂട്ടം അദ്ദേഹത്തിനുമേൽ ആക്രമണം നടത്തുകയും വളരെ ദാരുണമായി അദ്ദേഹത്തെ ശഹീദാക്കുകയുമായിരുന്നു. അദ്ദേഹത്തിന് 47 വയസ്സായിരുന്നു.

വിശദീകരണമനുസരിച്ച് സംഭവം നടന്ന ദിവസം ശത്രുക്കൾ ജാഥയായി അഹ്മദിയ്യ ഹാളിനു പുറത്ത് പ്രക്ഷോഭമുണ്ടാക്കുന്നതായിട്ടുള്ള വിവരം ലഭിച്ചിരുന്നു. ഇത് ജുമുഅ ദിവസമായിരുന്നു. അതു സംബന്ധിച്ച് അവസ്ഥകൾ അറിയുന്നതിന് ലഈഖ് അഹ്മദ് ചീമ സാഹിബിനെ അയച്ചതായിരുന്നു. അദ്ദേഹം സംഭവ സ്ഥലത്തെത്തിയപ്പോൾ ശത്രുക്കൾ അദ്ദേഹത്തെ തിരിച്ചറിയുകയും അദ്ദേഹത്തിനുമേൽ ആക്രമണം നടത്തുകയും ചെയ്തു. വലിച്ചിഴച്ച് കുറച്ചുദൂരെ നാൽക്കവലയിൽ കൊണ്ടുപോയി. അവിടെ ഇഷ്ടികകളും കല്ലുകളുംകൊണ്ട് ഇടിച്ചിടിച്ച് അക്രമപരമായ നിലയിൽ അദ്ദേഹത്തെ ശഹീദാക്കി. മരണാസന്ന ഘട്ടത്തിൽ അടുത്തുള്ള ഒരു കച്ചവടക്കാരൻ അദ്ദേഹത്തിന് വെള്ളം കൊടുക്കാൻ ശ്രമിച്ചെങ്കിലും ശത്രുക്കൾ അത് ബലമായി തടഞ്ഞു. സംഭവത്തിന് അരമണിക്കൂറിനുശേഷം പോലീസ് സംഭവസ്ഥലത്തെത്തി. അതുകഴിഞ്ഞ് മയ്യിത്ത് ആശുപത്രിയിലെത്തിച്ചു. അവിടെ അദ്ദേഹം മരണപ്പെട്ടതായി സ്ഥിരീകരിച്ചു.

ശഹീദ് മർഹൂമിന്റെ കുടുംബത്തിൽ ബഹാവൽനഗർ ജില്ലയിലെ ചിശ്തിയാൻ എന്ന സ്ഥലത്തെ അദ്ദേഹത്തിന്റെ പ്രപിതാമഹൻ ചൗദ്‌രീഹാക്കിം അലി സാഹിബ് മുഖേനയാണ് അഹ്മദിയ്യത്തെത്തിയത്. അദ്ദേഹത്തിന് ഒന്നാം ഖിലാഫത്തു കാലത്ത് ബയ്അത്ത് ചെയ്ത് അഹ്മദിയ്യത്തിൽ പ്രവേശിക്കാൻ സൗഭാഗ്യം ലഭിച്ചു. ശഹീദ് മർഹൂമിന് വലിയ വിദ്യാഭ്യാസമൊന്നുമുണ്ടായിരുന്നില്ല. അദ്ദേഹം ഒരു വർക്ക് ഷോപ്പ് നടത്തിയിരുന്നു. വണ്ടികളും മോട്ടോർസൈക്കിളുകളും റിപ്പയർ ചെയ്യുന്ന ജോലിയായിരുന്നു. അദ്ദേഹത്തിന്റെ വർക്ക്ഷോപ്പ് വിപുലമായ നിലയിൽ നടന്നിരുന്നു. അദ്ദേഹത്തിന് നല്ലപേരും പ്രശസ്തിയുമുണ്ടായിരുന്നതുകൊണ്ട് വിവിധ സർക്കാർ സ്ഥാപനങ്ങളും അദ്ദേഹത്തെക്കൊണ്ട് വണ്ടികൾ നന്നാക്കിച്ചിരുന്നു. ഇക്കാരണത്താൽ അദ്ദേഹത്തിന്റെ സാമൂഹികപരമായ ബന്ധങ്ങളും വളരെ വിശാലമായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം മൂസിയായിരുന്നു. ജമാഅത്തുപരമായ പ്രവർത്തനങ്ങൾ ചെയ്യാനും സേവനത്തിനും എപ്പോഴും തയ്യാറായിരുന്നു. തഹജ്ജുദും അഞ്ചുനേരം നമസ്കാരവും കൃത്യമായി അനുഷ്ഠിച്ചിരുന്നു. കുട്ടികളെ കൃത്യമായി അഞ്ചുനേരം നമസ്കാരത്തിന് കൂടെ കൊണ്ടുപോകുമായിരുന്നു. വർക്ക്ഷോപ്പിൽ ജോലി ചെയ്യുന്ന അഹ്മദി ജീവനക്കാരുടെയും വീടുകളിലുള്ള കുടുംബാംഗങ്ങളുടെയും നമസ്കാരത്തെ കുറിച്ച് അദ്ദേഹം ശ്രദ്ധിക്കുമായിരുന്നു. ജോലിത്തിരക്കായിരുന്നാലും ജോലി ഒഴിവാക്കി നമസ്കാരത്തിന് മുൻഗണന നൽകിയിരുന്നു. ജോലിയിലാണെന്ന് കരുതി നമസ്കാരം മാറ്റിവെക്കുമായിരുന്നില്ല. പൊതുവിൽ ഇത്തരത്തിൽ ജോലി ചെയ്യുന്ന ആളുകൾ, ഇത്തരത്തിൽ തിരക്കുള്ളവർ നമസ്കാരത്തിന് ശ്രദ്ധ കൊടുക്കാറില്ല. എന്നാൽ, ഇദ്ദേഹമൊരിക്കലും നമസ്കാരം ഖളാ ആക്കുമായിരുന്നില്ല. ആളുകളുമായി നല്ലനിലയിൽ ഇടപഴകുകയും എല്ലാവരെയും സ്നേഹിക്കുകയും ചെയ്തിരുന്നു. സ്വന്തമെന്ന നിലയ്ക്കുള്ള ബന്ധമാണ് എല്ലാവരോടുമുണ്ടായിരുന്നത്. ഖിലാഫത്തിനോടു ഒരു പ്രത്യേക ബന്ധമായിരുന്നു. എം.ടി.എ പ്രോഗ്രാമുകൾ പ്രത്യേകിച്ചും എം.ടി.എയിൽ വന്നിരുന്ന എന്റെ ഖുത്ബകൾ നിർബന്ധമായും കേട്ടിരുന്നു. ജമാഅത്തുപരമായ കേസുകൾക്ക് ഹാജരാകുകയും ഡ്യൂട്ടി ചെയ്യുന്നതിന് എപ്പോഴും തയ്യാറായിരിക്കുകയും ചെയ്തിരുന്നു. ശഹാദത്ത് സംഭവത്തിന് രണ്ടു ദിവസം മുമ്പേയും കോടതിയിൽ എതിരാളികളിൽനിന്ന് ആക്രമണപരമായ രീതിയിൽ അദ്ദേഹത്തിന് ഭീഷണികൾ കിട്ടിയിരുന്നു.

ഭീഷണികൾ നേരത്തേയും അദ്ദേഹത്തിന് കിട്ടുന്നുണ്ടായിരുന്നു. വിശുദ്ധ ഖുർആനോടു ആസക്തപരമായ സ്നേഹമായിരുന്നു. അദ്ദേഹത്തിന് ആദ്യം നല്ലപോലെ ഓതാൻ അറിയുമായിരുന്നില്ല. എന്നാൽ, പിന്നീട് വലിയ പ്രായത്തിലാണെങ്കിലും അദ്ദേഹം വിശുദ്ധ ഖുർആൻ പഠിക്കാനും സ്ഥിരമായി അത് പാരായണം ചെയ്യാനും തുടങ്ങി. ഖുർആൻ പാരായണത്തിന്റെ റിക്കാർഡിങ്ങുകളും കേൾക്കുമായിരുന്നു. തന്റെ വർക്ക്ഷോപ്പിൽ വിശുദ്ധ ഖുർആൻ റിക്കോർഡിംഗ് വെച്ചിരുന്നു.

ശഹാദത്തിനു മുമ്പേ ഒരു സുഹൃത്ത് തന്റെ രോഗത്തെ മുൻനിറുത്തി രക്തത്തിന് ഏർപ്പാട് ചെയ്യാൻ അഭ്യർഥിച്ചിരുന്നു. അപ്പോൾ ശഹീദ് മർഹൂം മറുപടിയായി പറഞ്ഞു: 'ജുമുഅ നമസ്കാരത്തിനുശേഷം ഞാൻതന്നെ വന്ന് രക്തം നൽകുന്നതാണ്.' പക്ഷേ, ദൈവഹിതം മറ്റൊന്നായിരുന്നു. അല്ലാഹു അദ്ദേഹത്തിന് ശഹാദത്തിന്റെ സ്ഥാനം നൽകി.

അദ്ദേഹത്തിന് രണ്ടു ഭാര്യമാരുണ്ടായിരുന്നു. ആദ്യ ഭാര്യ മർയം ലഈഖ് പറയുന്നു: 'അദ്ദേഹം എന്റെ ആവശ്യങ്ങളെല്ലാം ശ്രദ്ധിച്ചിരുന്നു. കുട്ടികൾക്ക് നല്ല രീതിയിൽ തർബിയ്യത്ത് നൽകിയിരുന്നു. നമസ്കാരം അനുഷ്ഠിക്കുന്നതിലേക്ക് പ്രത്യേകം ശ്രദ്ധിച്ചിരുന്നു.'

രണ്ടാമത്തെ ഭാര്യയും പറയുന്നു: ഞങ്ങൾ രണ്ടു ഭാര്യമാരെയും അദ്ദേഹം എങ്ങനെ നോക്കിയിരുവെന്നാൽ ഞങ്ങളിരുവരും സഹോദരിമാരെ പോലെയാണ് കഴിഞ്ഞിരുന്നത്. അദ്ദേഹത്തിന് ഭൗതികവിദ്യാഭ്യാസം കുറവായിരുന്നെങ്കിലും പൊതുവിജ്ഞാനം നല്ലവണ്ണമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സംസാരവിഷയം അധികവും പ്രവാചകന്മാരെക്കുറിച്ചായിരുന്നു. വിവിധ കാര്യങ്ങളിൽ എനിക്കും ഒരുപാട് ശിക്ഷണം നൽകിക്കൊണ്ടിരുന്നു. എന്റെ മാതാപിതാക്കൾ എനിക്ക് നൽകിയിട്ടില്ലാത്ത ശിക്ഷണമാണ് അദ്ദേഹം വിവാഹത്തിനുശേഷം രണ്ടു വർഷത്തിനുള്ളിൽ എനിക്ക് നൽകിയത്.

ശഹീദിന്റെ സഹോദരൻ പറയുന്നു: എന്റെ സഹോദരൻ ശഹാദത്ത് കിട്ടുന്നതിനെ സംബന്ധിച്ച് പറയാറുണ്ടായിരുന്നു. ആ അനുഗ്രഹം സൗഭാഗ്യവാന്മാർക്കാണ് കിട്ടാറുള്ളതെന്നും പറഞ്ഞിരുന്നു. തന്റെ ജീവത്യാഗത്തിന്റെ സമയം വന്നെത്തിയാൽ തന്റെ നെഞ്ചിൽ വെടിയുണ്ടകൾ ഏറ്റുവാങ്ങുന്നതാണെന്നും പറയുമായിരുന്നു. എതിർപ്പിന്റെ എത്ര രൂക്ഷമായഘട്ടമാണെങ്കിലും മസ്ജിദിൽ പോയി നമസ്കരിക്കേണ്ടതാണെന്നും ആ സമയത്താണ് ധൈര്യം കാണിക്കേണ്ടതെന്നും പറഞ്ഞിരുന്നു.

അദ്ദേഹത്തിന്റെ മകൻ ഹിസ്ഖേൽ അഹ്മദിന് ഇപ്പോൾ 12 വയസ്സാണ്. പറയുന്നു: ഒരിക്കലും ഭയപ്പെടരുതെന്ന് എന്റെ പിതാവ് എന്നെ എപ്പോഴും ഉപദേശിച്ചിരുന്നു. അതുകൊണ്ട് ഞാൻ എന്റെ പിതാവിന്റെ ശഹാദത്തിൽ ഒരിക്കലും അസ്വസ്ഥനാകുന്നില്ല. വളരെ ധൈര്യമാണ്, വളരെ വലിയ ക്ഷമയാണ് ആ കുട്ടി കാണിച്ചത്. പറയുന്നു: 'ഞാനും എന്റെ പിതാവിനെപ്പോലെ ധൈര്യം കാണിക്കുന്നതാണ്. നെഞ്ചിൽ വെടിയുണ്ട ഏറ്റുവാങ്ങാൻ തയ്യാറാണ്.'

അദ്ദേഹത്തിന്റെ സന്തപ്ത കുടുംബത്തിൽ രണ്ടു ഭാര്യമാരെ കൂടാതെ 7 മക്കളും ഒരു സഹോദരിയും ഒരു ചെറിയ സഹോദരനുമുണ്ട്. മൂത്ത മകൾക്ക് 17 വയസ്സാണ്. ചെറിയ മകൾക്ക് ഒന്നര വയസും. അദ്ദേഹം ഒരു സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ ഭാര്യയോടു പറഞ്ഞിരുന്നു: ഞാൻ എനിക്ക് ഒരു കുട്ടി കൂടി ഉണ്ടാകുന്നതായി സ്വപ്നം കണ്ടിരിക്കുന്നു. രണ്ടാമത്തെ ഭാര്യ പറയുകയാണ്, ഞാൻ ടെസ്

• ഹദീഥുന്നബ്‌വി ﷺ •

"തഅല്ലമുൽയഖീന."
ദൃഢജ്ഞാനം ആർജിക്കുവിൻ.

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

• ഹദീഥുന്നബ്‌വി ﷺ •

"തഹാദൂ തഹാബ്ബൂ."
സ്നേഹം വർധിക്കുന്നതിനുവേണ്ടി പരസ്പരം സമ്മാനങ്ങൾ കൈമാറുവിൻ.

ത്വാലിബെ ദുആ
PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

റ്റ് ചെയ്തപ്പോൾ അല്ലാഹു എനിക്കും സന്താന സൗഭാഗ്യം നൽകുന്നതായി അറിയാൻ കഴിഞ്ഞു.

ഹൽഖ സൊസൈറ്റി മുറബ്ബി തൗസീഫ് സാഹിബ് പറയുന്നു: മർഹൂം അഞ്ചുനേരം കൃത്യമായി സെന്ററിൽ വന്നു നമസ്കരിക്കുമായിരുന്നു. നഫ്ലായ അഥവാ ഐച്ഛികമായ ഇബാദത്തുകളും അനുഷ്ഠിച്ചിരുന്നു. ഖിലാഫത്തിനെ അനുസരിക്കുകയും ആദരിക്കുകയും ചെയ്തിരുന്നു. സാധു സംരക്ഷകനായിരുന്നു. അല്ലാഹുവിനോടും അവന്റെ ദാസന്മാരോടുമുളള കടമകൾ യഥാവിധി നിർവഹിക്കുന്നതിന് പരമാവധി ശ്രമിക്കുമായിരുന്നു. നടക്കുമ്പോഴും ആവശ്യക്കാരുടെ കാര്യങ്ങൾക്കുവേണ്ടി സഹായിക്കുമായിരുന്നു. ആരുടെയെങ്കിലും വണ്ടി കേടാണെന്ന് കണ്ടാൽ വഴിയിലാണെങ്കിലും അവരെ സഹായിക്കുമായിരുന്നു. ആവശ്യക്കാരെ നിശബ്ദമായി സഹായിച്ചിരുന്നു. നന്മചെയ്യുന്നതിൽ സ്ഥിരത ഉണ്ടായിരുന്നു. എല്ലാ നിലയ്ക്കും നിസ്വാർഥമായി സേവനം ചെയ്തിരുന്നു. അല്ലാഹുവിന്റെ അസ്തിത്വത്തിൽ പൂർണ്ണമായും വിശ്വാസമുണ്ടായിരുന്നു. തന്റെ എല്ലാ പ്രവർത്തനവും വിജയകരവും അല്ലാഹുവിന്റെ അനുഗ്രഹവുമാണെന്ന് മനസ്സിലാക്കിയിരുന്നു. സാഹചര്യങ്ങളുടെ ഞെരുക്കവും എതിർപ്പുമുണ്ടായിട്ടും എപ്പോഴും നമസ്കാരങ്ങൾ യഥാസമയം ജമാഅത്തായി സെന്ററിൽ വന്ന് അനുഷ്ഠിക്കുമായിരുന്നു. സൗമ്യശീലനായിരുന്നു. ആരെങ്കിലും അദ്ദേഹത്തോടു ദ്വേഷ്യപ്പെട്ട് വല്ലതും പറഞ്ഞാൽ അദ്ദേഹം മൗനം പാലിക്കുമായിരുന്നു. തിരിച്ചു മറുപടി കൊടുക്കുന്നതിനുപകരം പുഞ്ചിരിച്ചുകൊണ്ട് സദസ്സിൽനിന്ന് വിട്ടുമാറുമായിരുന്നു.

മാൽ സെക്രട്ടറിയോ ജമാഅത്ത് സ്വദ്റോ എഴുതി: ഒരിക്കൽ ഞങ്ങളുടെ കണക്കുകൾ തെറ്റിയതു കാരണം അബദ്ധവശാൽ ഞങ്ങൾ അദ്ദേഹത്തോടു ചന്ദ കുടിശികയുണ്ടെന്ന് പറഞ്ഞു. അദ്ദേഹം ഒന്നും ചോദിക്കാതെ കുടിശ്ശിക അടച്ചു തീർക്കുകയും ചെയ്തു. വലിയൊരു സംഖ്യയായിരുന്നു, ഒരു ലക്ഷം രൂപയുണ്ടായിരുന്നു. പിന്നീട് അദ്ദേഹത്തിന് വിവരം കൊടുത്തുകൊണ്ട് പറഞ്ഞു: 'ഞങ്ങളുടെ കണക്കുകൾ തെറ്റിയതാണ്, താങ്കൾക്ക് കുടിശ്ശിക ഒന്നുമില്ല. ഇത് താങ്കളുടെ ഭാഗത്തുനിന്നുള്ള അധിക തുകയാണ്.' അപ്പോൾ അദ്ദേഹം പറഞ്ഞു: 'സാരമില്ല, ഞാൻ അല്ലാഹുവിന്റെ മാർഗത്തിൽ കൊടുത്തതാണ്. ഇനി ഞാനത് തിരിച്ചു വാങ്ങുന്നതല്ല.'

അദ്ദേഹം കുടുംബസമേതം വിദേശത്ത് പോകാനിരിക്കുകയായിരുന്നു. തയ്യാറെടുപ്പുകളെല്ലാം പൂർത്തിയായിരുന്നു. ഇതു സംബന്ധിച്ച് ഒരാൾ പറയുന്നു: 'ഒരു ദിവസം മുമ്പേ അദ്ദേഹം എന്നോടു പറഞ്ഞു: ഞങ്ങൾ വിദേശത്ത് പോകുകയാണ്. അവിടെ മതപരമായ സ്വാതന്ത്ര്യമുണ്ട്. എന്റെ ആഗ്രഹം കുട്ടികളെ കൊണ്ട് ബാങ്കും തക്ബീറും ഉയർന്ന ശബ്ദത്തിൽ നല്ല ഈണത്തിൽ പഠിപ്പിക്കണമെന്നാണ്. അങ്ങനെ അവിടെ വീട്ടിൽപ്പോയി ജമാഅത്തായി നമസ്കരിക്കുമ്പോൾ കൃത്യമായി ബാങ്ക് കൊടുക്കാനും നമസ്കരിക്കാനും കഴിയണം.'

അല്ലാഹു ശഹീദിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ ഭാര്യാമക്കളേയും തന്റെ സംരക്ഷണത്തിൽ വെക്കുമാറാകട്ടെ. ശത്രുക്കളെ പിടികൂടുന്നതിന് എത്രയും വേഗം സാഹചര്യമൊരുക്കുമാറാകട്ടെ.

ഇന്നും ഒരു വിവരമുണ്ട്. ഖുസ്വൂർ എന്ന സ്ഥലത്തുള്ള ഒരു ഗ്രാമത്തിൽ ഒരു അഹ്മദി യുവാവിനെ ശഹീദാക്കിയിരിക്കുന്നു. കൂടുതൽ വിവരങ്ങൾ ഇപ്പോൾ ലഭിച്ചിട്ടില്ല. അല്ലാഹു അക്രമികളെ എത്രയും വേഗം പിടികൂടുന്നതിന് സാഹചര്യമുണ്ടാക്കുമാറാകട്ടെ. അവർക്ക് വേണ്ടി ഇനി **അല്ലാഹുമ്മ മസ്സിഖ്ഹും കുല്ല മുമസ്സഖിൻ വ സഹ്ഹിഖ്ഹും തസ്ഹീഖാ** എന്ന ദുആ മാത്രമാണുള്ളത്.

രണ്ടാമത്തെ അനുസ്മരണം അമത്തുൽ മുസ്വവ്വിർ നൂരി സാഹിബയുടേതാണ്. ഇവർ ഡോക്ടർ മസ്ഊദുൽ ഹസൻ നൂരി സാഹിബിന്റെ ഭാര്യയാകുന്നു. കഴിഞ്ഞദിവസം വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.*

ഇവർ ഹദ്റത്ത് മിർസാ ശരീഫ് അഹ്മദ് സാഹിബിന്റെ പൗത്രിയും ഹദ്റത്ത് നവാബ് അമത്തുൽ ഹഫീള് ബീഗം സാഹിബയുടെ ദൗഹിത്രിയും മിർസാ ദാവൂദ് അഹ്മദ് സാഹിബിന്റെ മകളുമായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയ ആയിരുന്നു. ഇവർ എന്റെ പിതൃവ്യന്റെ മകളുമായിരുന്നു.

ഡോക്ടർ മസ്ഊദുൽ ഹസൻ നൂരി സാഹിബ് പറയുന്നു: ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്) ഞങ്ങളുടെ വിവാഹം നേരിട്ട് നടത്തിയതാണ്. അദ്ദേഹം അവരോടോ അവരുടെ മാതാപിതാക്കളോടോ ചോദിച്ചിരുന്നില്ല. എന്റെ പിതാവിനോടു എന്നെ സംബന്ധിച്ച് വിവാഹം നടത്തട്ടെ എന്ന് അന്വേഷിച്ചിരുന്നു. ആ സമയത്ത് കേണൽ ദാവൂദ് സാഹിബും അദ്ദേഹത്തിന്റെ ഭാര്യയും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിനോടു പറഞ്ഞു: ഞങ്ങൾ കുറച്ചു ദിവസം ഇസ്തിഖാറ ചെയ്യട്ടെ. അപ്പോൾ ഹുദൂർ പറഞ്ഞു: "ഞാൻ ഇസ്തിഖാറ ചെയ്തിട്ടുണ്ട്. ഇനി കൂടുതൽ ഇസ്തിഖാറ ചെയ്യേണ്ട കാര്യമില്ല. വിവാഹം നടത്തുക." ഏതായാലും വിവാഹം നടന്നു.

പറയുന്നു: അല്ലാഹുവിന്റെ അനുഗ്രഹത്താൽ 51 വർഷത്തെ ദാമ്പത്യ ജീവിതത്തിൽ വളരെ സ്നേഹത്തോടെയും അനുസരണത്തോടെയും സൗഹൃദമായ അന്തരീക്ഷത്തിലുമാണ് കഴിഞ്ഞത്. നമസ്കാരങ്ങളും ഇബാദത്തുകളും ചെയ്യുന്നതിൽ കൃത്യനിഷ്ഠ ഉണ്ടായിരുന്നു. സാധുസംരക്ഷകയും അതിഥി സൽക്കാരപ്രിയയും അല്ലാഹുവിൽ ഒരുപാടു തവക്കുൽ ചെയ്യുന്നവരുമായിരുന്നു. കുറച്ചുകാലമായി വിശുദ്ധ ഖുർആൻ വളരെ ആഴത്തിൽ പാരായണം ചെയ്യുന്നതിൽ വലിയ താൽപര്യമുണ്ടായിരുന്നു. ജമാഅത്തിലെ വിവിധ പണ്ഡിതന്മാരോടു നിരന്തരം ചോദ്യങ്ങൾ ചോദിക്കുമായിരുന്നു. വിവിധ മതങ്ങളെ കുറിച്ചും പഠിക്കാൻ താൽപര്യമുണ്ടായിരുന്നു.

ഡോക്ടർ സാഹിബ് പറയുന്നു: ഞാൻ വഖ്ഫു ചെയ്തതിലും എന്റെ വിദ്യാസമ്പാദനത്തിലും അവർക്ക് വലിയ പങ്കുണ്ട്. എന്തെങ്കിലും സന്തോഷാവസരമാണെങ്കിൽ അല്ലെങ്കിൽ ഉല്ലാസത്തിന് പോകുകയാണെങ്കിൽ എനിക്ക് ആശുപത്രിയിൽ വല്ല എമർജൻസിയും വന്നാൽ അവർ സ്വയം ത്യാഗം ചെയ്യാനും തയ്യാറായിരുന്നു. താനും പോകുന്നില്ലെന്ന് അവർ പറഞ്ഞിരുന്നു. കഴിഞ്ഞ ഏതാനും വർഷങ്ങളായി, രണ്ടുമൂന്നു വർഷത്തോളം രോഗിയായിരുന്നു. നല്ല ക്ഷമയോടെ തന്റെ രോഗവും ബുദ്ധിമുട്ടും സഹിച്ചുകൊണ്ടിരുന്നു. ഒരിക്കലും അത് വെളിപ്പെടുത്തിയിരമമല്ല.

അവരുടെ മകൻ ഡോക്ടർ ഖാലിദ് നൂരി അമേരിക്കയിലാണ്. ഇദ്ദേഹവും താൽക്കാലിക വഖ്ഫിൽ ഫള്ലെ ഉമർ ഹോസ്പിറ്റലിൽ വരാറുണ്ട്. പറയുന്നു: എന്റെ ഉമ്മ ജമാഅത്തിന്റെ വളരെ ആത്മാർഥ സേവകയായിരുന്നു. ഖിലാഫത്തിനോടു അനിതര സാധാരണമായ സ്നേഹവും വിശ്വാസവും ബന്ധവുമുണ്ടായിരുന്നു. അവരൊരിക്കലും അനാവശ്യമായ കാര്യങ്ങളിൽ അതായത് കളവ്, ഏഷണി, പരദൂഷണം തുടങ്ങിയവയിലൊന്നും ഏർപ്പെടുമായിരുന്നില്ല. വിശുദ്ധ ഖുർആൻ അതിന്റെ എല്ലാ അർഥത്തോടെയും പാരായണം


• ഹദീഥുന്നബ്വി ﷺ •



**മരിച്ചവരെ ചീത്ത പറയരുത്, എന്തുകൊണ്ടെന്നാൽ അവർ മുമ്പേ അയച്ചിട്ടുളളതിലേക്കാണ് പോയിരിക്കുന്നത്.**

(ബുഖാരി 23:77)

ത്വാലിബെ ദുആ

**SERA SPORTS,** P.I.GROUND FLOOR ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP GOVT.H.S.S, OLAVANN, MOB-8845680091



• ഹദീഥുന്നബ്വി ﷺ •

**"അൽഅഅ്മാലു ബിൽ ഖവാതീമി"**

**കർമങ്ങൾ അതിന്റെ പര്യവസാനത്തിലധിഷ്ഠിതമാണ്.**

ത്വാലിബെ ദുആ

**RAHMAN SHAKEER & FAMILY**
AHMADIYYA JAMA-ATH KARULAI, KERALA



• ഹദീഥുന്നബ്വി ﷺ •

**"ഊസ്വീക്കും ബിൽജാരി."**

**അയൽക്കാരനോടു നല്ല നിലയിൽ പെരുമാറണമെന്ന് ഞാൻ നിങ്ങളോടു വസ്വിയ്യത്ത് ചെയ്യുന്നു.**

ത്വാലിബെ ദുആ

**P. ABDUL AMEER**
AHMADIYYA JAMA-ATH MANJERY, KERALA

ചെയ്തിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്عليه السلامന്റെ ഗ്രന്ഥങ്ങളും പാരായണം ചെയ്തിരുന്നു. തദ്ക്കിറ വളരെ ആഴത്തിൽ വായിച്ചിരുന്നു. അതെല്ലാ സമയത്തും തന്റെ പക്കൽ വെച്ചിരുന്നു. ചരിത്രപരമായ കാര്യങ്ങൾ സ്വരുക്കൂട്ടുന്നതിൽ വലിയ താൽപര്യമായിരുന്നു. കാഴ്ച ബംഗ്ലാവുകളിലെ ക്യൂരിറ്റേഴ്സിനോടും ഗവേഷകരോടും അതേക്കുറിച്ച് സംസാരിച്ചിരുന്നു. ഈ താൽപര്യത്തിൽ അവർ എന്നെയും ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. പ്രത്യേകിച്ച് റബ്വയിൽ അരുവിയുടെ തീരത്ത് മലയോരത്ത് അവർ ചില കാര്യങ്ങൾ കണ്ടെത്തുകയും അന്വേഷിക്കുകയും ഭൂമി ഖനനം നടത്തുകയും ചെയ്തിരുന്നു. ഇവിടെ ലണ്ടനിൽ വന്നപ്പോൾ എന്നോടും ഇക്കാര്യങ്ങൾ സംസാരിക്കുകയും പ്രസ്തുത സാധനങ്ങൾ എനിക്കു കാണിച്ചുതരികയും ചെയ്തിരുന്നു. അവരുടെ മകൻ തുടർന്നെഴുതുന്നു: അവർ പരിമിതമായ ചെലവിൽ കഴിയുന്ന ആളുകളുടെ വിവാഹങ്ങൾ നല്ലപോലെ നടത്തുന്നതിന് സാമ്പത്തിക സഹായം ചെയ്തിരുന്നു. എല്ലാ തൊഴിലാളികളുടെയും മക്കളുടെ കാര്യങ്ങൾ ശ്രദ്ധിച്ചിരുന്നു. പെൺമക്കളെ വിശുദ്ധ ഖുർആൻ പഠിപ്പിച്ചിരുന്നു. അവരുടെ കാര്യങ്ങളെല്ലാം നിറവേറ്റി എന്ന് ഉറപ്പുവരുത്തുമായിരുന്നു. അവരെ കാണുമ്പോൾ മുഖത്ത് പുഞ്ചിരി ഉണ്ടാകുമായിരുന്നു.

അവരുടെ മകൾ മുബാറക്ക പറയുന്നു: എന്റെ ഉമ്മാക്ക് വായനയോടു വലിയ താല്പര്യമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്عليه السلامന്റെ ഗ്രന്ഥങ്ങളും ക്രിസ്ത്യാനികളെക്കുറിച്ചുള്ള കാര്യങ്ങളും ഹിന്ദു മതത്തെക്കുറിച്ചുള്ള ഗ്രന്ഥങ്ങളും വിവിധ വിഷയങ്ങളും വായിക്കുമായിരുന്നു. അതേ സംബന്ധിച്ച് നല്ലപോലെ അറിവ് കരസ്ഥമാക്കിയിരുന്നു. വഖ്ഫു ചെയ്തവരെ വളരെയേറെ ആദരിച്ചിരുന്നു. എന്റെ പിതാവിനെയും എപ്പോഴും പിന്തുണച്ചിരുന്നു. റിട്ടയർമെന്റിനുശേഷം ഡോക്ടർ സാഹിബ് വഖ്ഫു ചെയ്തപ്പോൾ അവരും ഇവിടെ വന്നു. വാസ്തവത്തിൽ അതിനുശേഷം അദ്ദേഹത്തിന് ഭൗതികനേട്ടമുള്ള ജോലികൾ ലഭിക്കുമായിരുന്നു. പറയുന്നു: എന്റെ പിതാവിന്റെ അനഹ്മദി കുടുംബക്കാർവന്ന് അനുശോചനം നേർന്നപ്പോൾ പറഞ്ഞു: 'അവർ കുടുംബങ്ങളെ നല്ലപോലെ യോജിപ്പിച്ചുനിറുത്തുന്ന സ്ത്രിയായിരുന്നു. എല്ലാവരുമായും ബന്ധം വെച്ചിരുന്നു. അവർ എന്നെയും ഇങ്ങനെ ഉപദേശിച്ചിരുന്നു: വീട്ടിലെ കാര്യങ്ങൾ പുറത്തു പറയരുത്. നിങ്ങളെന്തെങ്കിലും എഴുതാനാഗ്രഹിക്കുന്നെങ്കിൽ കാലത്തിന്റെ ഖലീഫയ്ക്കെഴുതുക. പിന്നീട് അദ്ദേഹം നൽകുന്ന ഉപദേശങ്ങളനുസരിച്ച് തീർച്ചയായും പ്രവർത്തിക്കുക. പെൺകുട്ടികളോടു വഴക്കുകൂടി സമയം കളയരുതെന്ന് പറയുമായിരുന്നു.'

ത്വാഹിർ ഹാർട്ടിലെ ഡ്രൈവർ ജലാലുദ്ദീൻ അഹ്മദ് ഖാൻ പറയുന്നു: 'വളരെ നന്മയുള്ള സൽസ്വഭാവിയായ സഹാനുഭൂതിയുള്ള സാധു സംരക്ഷകയായ മഹതിയായിരുന്നു. യാത്രയിൽ ഉടനീളം ഞങ്ങളുടെ കാര്യങ്ങളും ശ്രദ്ധിച്ചിരുന്നു. യാത്രയിൽ വിശുദ്ധ ഖുർആൻ സി.ഡി ഇടുകയും മുഴുവൻ വിശുദ്ധ ഖുർആനും അതിന്റെ തർജ്ജമയും കേൾക്കുകയും ചെയ്യുമായിരുന്നു.' പറയുന്നു: 'എന്റെ ഭാര്യാമക്കളെയും നല്ലപോലെ ശ്രദ്ധിച്ചിരുന്നു. വലിയ നഗരങ്ങളിൽ ഞങ്ങൾ പോകുമ്പോൾ പ്രത്യേകിച്ചും ഇസ്ലാമാബാദ് പിണ്ടിയിലെ കച്ചവടക്കാർ സ്ഥിരം വന്നു പോകുന്നതുകൊണ്ട് അവരെ അറിയുമായിരുന്നു. അവരോടു വളരെ കാലത്തിനു ശേഷമാണല്ലോ വന്നതെന്ന് പറഞ്ഞിരുന്നു. ആദ്യം അവർ ചോദിച്ചപ്പോൾ പറഞ്ഞു: ഞങ്ങൾ റബ്വയിലേക്ക് ഷിഫ്റ്റായിരിക്കുന്നു. അവിടെ ജമാഅത്തിന്റെ ആശുപത്രിയുണ്ട്. എന്റെ ഭർത്താവ് അവിടെ ജോലി ചെയ്യുന്നു. ഒരുവിധ ഭയവും കൂടാതെ ഇതെല്ലാം അവർ പറഞ്ഞിരുന്നു. ഞങ്ങൾ ആ സമയത്ത് വളരെ അസ്വസ്ഥമാകുമായിരുന്നു. അല്ലാഹു അവരോടു കരുണയോടും പൊറുമയോടും വർത്തിക്കുമാറാകട്ടെ,

അടുത്ത അനുസ്മരണം ഹസൻ സാനുഗൂ അബൂബക്ർ സാഹിബിന്റേതാണ്. അദ്ദേഹം ബുർക്കിനാ ഫാസോയിൽ ലോക്കൽ മുബല്ലിഗായിരുന്നു. കഴിഞ്ഞദിവസം 63-ാമത്തെ വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* പരിശുദ്ധ റമളാനിൽ എല്ലാ ദിവസവും ജോലാ ഭാഷയിൽ വിശുദ്ധ ഖുർആൻ ദർസ് കൊടുത്തിരുന്നു. ഈ ദർസ് ഇസ്ലാമിക് അഹ്മദിയ്യ റേഡിയോയിൽ പ്രക്ഷേപണം ചെയ്തിട്ടുണ്ടായിരുന്നു. വഫാത്തിന് ഒരു ദിവസം മുമ്പേ മാർച്ച് 22-ാം തിയതിയും അദ്ദേഹം ദർസ് കൊടുത്തിരുന്നു. പ്രാഥമിക വിദ്യാഭ്യാസം ബുർക്കിനാ ഫാസോയിലെ ബൂബൂജലാസു എന്ന സ്ഥലത്തു നിന്നാണ് കരസ്ഥമാക്കിയത്. പിന്നെ ഉന്നത വിദ്യാഭ്യാസത്തിനു വേണ്ടി മൗറിത്താനിയിലേക്ക് പോയി. അവിടെ പഠിച്ചതിനുശേഷം ഉപരിപഠനത്തിന് ഈജിപ്തിലെ അൽ അസ്ഹർ യൂണിവേഴ്സിറ്റിയിൽ പോയി. അറബി ഭാഷയിൽ ഉന്നത വിദ്യാഭ്യാസവും അതിൽ നല്ലപോലെ സംസാരിക്കുന്നതിനുള്ള കഴിവും നേടിയാണ് തിരിച്ചുവന്നത്. അറബി ഭാഷയിൽ നല്ല പാണ്ഡിത്യമുണ്ടായിരുന്നു. നല്ല ശുദ്ധമായ ഭാഷ ഉപയോഗിച്ചിരുന്നു. തിരിച്ചുവന്നശേഷം ഐവറികോസ്റ്റിൽ താമസമാക്കി. ഇവിടെ ഒരു മദ്രസ സ്ഥാപിക്കുകയും ചെയ്തു. ഇവിടെ നൂറുക്കണക്കിന് വിദ്യാർഥികളുണ്ടായിരുന്നു. അന്ന് അദ്ദേഹം അഹ്മദിയായിരുന്നില്ല. തീപ്പൊരി പ്രസംഗവും നല്ല അവതരണവും കാരണം പ്രസിദ്ധനായി. അഹ്മദി മുബല്ലിഗുമാർ ഈ പ്രദേശത്ത് തബ്ലീഗിന് വന്നപ്പോൾ എതിരാളികൾ അഹ്മദികളെ നേരിടുന്നതിനുവേണ്ടി അബൂബക്ർ സാഹിബിനെയാണ് കൊണ്ടുവന്നത്. അദ്ദേഹത്തിന് തന്റെ ഭാഷാ പ്രാവീണ്യത്തിൽ നല്ല ഗർവുണ്ടായിരുന്നു. അദ്ദേഹം തന്നെ പറയുന്നു:"ചർച്ച ആരംഭിച്ചു. അതിൽ വലിയ ജുബ്ബയും ധരിച്ചുകൊണ്ട് ഞാൻ അഹ്മദിയത്തിനെ അന്ന് പരാജയപ്പെടുത്തുമെന്ന ഗർവോടുകൂടി വന്നു. അങ്ങനെ ആളുകൾക്കിടയിൽ പ്രസിദ്ധനാകാമെന്നും വലിയ സ്ഥാനം കിട്ടുമെന്നും ധരിച്ചു. പക്ഷേ, അല്ലാഹു അദ്ദേഹത്തിന്റെ പ്രകൃതത്തിൽ നന്മ വെച്ചിട്ടുണ്ടായിരുന്നു. അഹ്മദികളുടെ ഭാഗത്താണ് സത്യമെന്നും തെളിവുകൾ അവരുടെ പക്കലാണെന്നും അദ്ദേഹം വേഗം തിരിച്ചറിഞ്ഞു. അദ്ദേഹത്തിന് 'അൽഖൗലുസ്സ്വരീഹ്'എന്ന പുസ്തകം നൽകി. അത് വായിച്ചതിനുശേഷം ആബീജാനിലുള്ള അഹ്മദിയ്യ മുബല്ലിഗ് അബ്ദുർറഹ്മാൻ കോനാത്തെ സാഹിബുമായാണ് അദ്ദേഹത്തിന്റെ വാദപ്രതിവാദം നടന്നത്. അല്ലാഹു അദ്ദേഹത്തിന് നേർമാർഗം കാണിച്ചു കൊടുത്തു. എത്രയും വേഗം അദ്ദേഹം തന്റേടത്തോടുകൂടി അഹ്മദിയ്യത്ത് സ്വീകരിച്ചു. അദ്ദേഹം 1986-ലാണ് ബയ്അത്ത് ചെയ്തത്. അന്ന് അദ്ദേഹം യുവാവായിരുന്നു. 24, 25 വയസ്സായിരുന്നു.

ബയ്അത്തിനുശേഷം തന്റെ മദ്രസയും തന്റെ പ്രസിദ്ധിയുമെല്ലാം അദ്ദേഹം ഉപേക്ഷിച്ചു. അന്ന് ഫ്രഞ്ച് അഹ്മദിയ്യ വിദ്യാർഥികൾക്കുവേണ്ടി ഒരു ഹ്രസ്വകാല കോഴ്സ് ആരംഭിച്ചിരുന്നു. അദ്ദേഹം അതിൽ പ്രവേശനം നേടി. ജീവിതം വഖ്ഫു ചെയ്തു. വളരെ വേഗം അദ്ദേഹം ജമാഅത്തിന്റെ പ്രഗത്ഭനായ മുബല്ലിഗായി മാറി. തന്റെ മാതൃഭാഷയായ ജോലായിൽ പ്രഭാഷണത്തിന് നല്ല കഴിവുണ്ടായിരുന്നു. നല്ല വലിയ ശബ്ദത്തിനുടമയും തീപ്പൊരി പ്രസംഗകനുമായിരുന്നു. വളരെ വേഗം ശ്രോതാക്കളെ കൈയിലെടുത്തിരുന്നു. 1990-ൽ ശാഹിദ് സാഹിബിനെ ബുർക്കിനാ ഫാസോയിൽ നിയമിച്ചു. അദ്ദേഹം അബൂബക്ർ സാനുഗോ സാഹിബിനെയും ഐവറികോസ്റ്റിൽനിന്ന് കൊണ്ടുവരാൻ അനുമതി വാങ്ങി. ഇവിടെ അദ്ദേഹം തബ്ലീഗ് ജിഹാദിൽ ഭാഗഭാക്കായി. ജോലാഭാഷ സംസാരിക്കുന്നവരുടെ ഇടയിൽ വളരെ വേഗം വിജയങ്ങൾ ലഭിച്ചു തുടങ്ങി. ഇവിടെ തബ്ലീഗ് മുഖേന നിരവധി പുതിയ ജമാഅത്തുകളും സ്ഥാപിതമായി.

1999-ൽ ബുർക്കിനാഫാസോയിലെ ഡോറി എന്ന പ്രദേശത്ത് അദ്ദേഹത്തെ അയച്ചു. ഇവിടെ

ശേഷം പേജ് 11 ൽ

• ഹദീഥുന്നബ്വിﷺ •

"അത്തഅ്സിയത്തു മർറത്തുൻ."
അനുശോചനം ഒറ്റത്തവണ മതി.

ത്വാലിബെ ദുആ
E.H.NAJEEB AND FAMILY
KAKKANAD, ERNAKULAM

• ഹദീഥുന്നബ്വിﷺ •

"അദ്ദുആഉ ഹുവൽ ഇബാദത്തു."
ദുആ തന്നെയാണ് യഥാർഥ ആരാധന

ത്വാലിബെ ദുആ
P. SAFFAR AHMAD &FAMILY
JAMA'ATH KARULAI, MALAPPURAM,KERALA.

ലേഖനം

# മുഹമ്മദുനബിﷺമനഃശാസ്ത്ര വിദഗ്ദ്ധനെന്ന നിലയിൽ

**ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ.**رضی اللہ عنہ

**വിവർത്തനം: മുഹമ്മദു ഇസ്മായീൽ ആലപ്പുഴ**

ലോകത്ത് ഒട്ടനവധി മനഃശാസ്ത്ര വിദഗ്ദ്ധർ കഴിഞ്ഞു കടന്നിട്ടുണ്ട്. ഇക്കാലത്ത് ഈ ശാസ്ത്രം പ്രത്യേകമായും വളരെ അഭിവൃദ്ധിപ്പെട്ടിരിക്കുന്നു. പക്ഷേ, ചിന്തിച്ചുനോക്കുന്നതായാൽ ഈ ശാസ്ത്രത്തിന്റെ പണ്ഡിതരെന്ന് പറയപ്പെടുന്ന ഭൂരിഭാഗമാളുകളുടേയും അറിവ് സാങ്കേതികത്വങ്ങളിൽ മാത്രം പരിമിതമാണെന്ന് കാണാം. സാങ്കേതികത്വങ്ങളുടെ ശാസ്ത്രത്തിനു മുകളിൽ കടന്ന് ആരെങ്കിലും യഥാർഥ അറിവുവരെ എത്തിയാലും അതുകേവലം ആ വിദ്യയുടെ ജ്ഞാനപരമായ ഭാഗംവരെ പരിമിതമായിരിക്കും. അതിന്റെ കർമപരമായ ഭാഗം-അതാണ് യഥാർഥ ലക്ഷ്യമായിട്ടുള്ളത്-ആ വിദ്യയുടെ ഭുരിഭാഗവും വിദഗ്ദ്ധരുടെ പ്രാപ്യത്തിന് അപ്പുറമായിരിക്കുന്നു. മാനഃശാസ്ത്രത്തിൽമാത്രം ക്ലിപ്തമാക്കപ്പെട്ടതല്ല, ലോകത്തിലെ ധാരാളം അറിവുകൾ. അതായത് ജനങ്ങളുടെ അറിവ് സാങ്കേതികത്വങ്ങളുടെ പരിധിക്കപ്പുറം കടന്നുപോകുന്നില്ല. ഏതു രീതിയിൽ അവർ മുന്നോട്ടു പോയാലും അത് ജ്ഞാനപരമായ വശത്തിൽമാത്രം പരിമിതമായിരിക്കും. അറിവുകളുടെ കർമപരമായ ഉപയോഗംവരെ എത്തുന്നത് വളരെ കുറച്ചുപേർ മാത്രമാണ്. തർക്കശാസ്ത്രത്തെ നോക്കുക. അവിടെ ആയിരക്കണക്കിന്, ലക്ഷക്കണക്കിന് ആളുകളെ ഈ ശാസ്ത്രത്തിന്റെ വിദഗ്ദ്ധരായി കാണാം. എന്നാൽ, അവരുടെ അറിവ് സാങ്കേതികത്വങ്ങളിൽനിന്ന് മുമ്പോട്ടു പോകുന്നില്ല. അവരുടെ പ്രിയപ്പെട്ട ആയുസ്സ് സാങ്കേതികത്വങ്ങൾ മനഃപ്പാഠമാക്കുന്നതിൽ മാത്രം ചെലവഴിക്കപ്പെടുന്നു. എതിർ വിസ്താരത്തിന്റേയും മാറ്റത്തിന്റേയും ശരിയായ നൈപുണ്യം ഉണ്ടാകുകയെന്നുള്ള ആ അറിവിന്റെ യഥാർഥ ഉദ്ദേശ്യത്തിൽനിന്ന് ഭൂരിഭാഗമാളുകളും പിന്തള്ളപ്പെട്ടുപോകുകയാണ്. എന്നല്ല ചില നേരങ്ങളിൽ തർക്കശാസ്ത്രത്തിന്റെ(ലോജിക്കിന്റെ) ആളുകൾ തങ്ങളുടെ തെളിവുകളിൽ കൂടുതൽ ബുദ്ധിശൂന്യരും നിസ്സാരരുമായി കാണപ്പെടുന്നു. കാരണം സാങ്കേതികത്വത്തിന്റെ പ്രതിസന്ധി അവർക്ക് യാഥാർഥ്യംവരെ എത്തുന്നതിനുള്ള വഴിയിൽ തടസ്സമായിത്തീരുന്നു. പക്ഷേ, സാധാരണക്കാരെ അപേക്ഷിച്ച് പ്രവാചകന്മാരുടെ അവസ്ഥകളിൽ ദൃഷ്ടി പായിക്കുന്നതായാൽ ഈ വ്യത്യാസം വ്യക്തമായ രീതിയിൽ, അവരുടെ പ്രസ്തുത അറിവുകൾ യാഥാർഥ്യത്തിലധിഷ്ഠിതമാണെന്ന് കാണാൻ കഴിയും. എന്നല്ല ഭൗതികമായ അറിവുകളുടെ കുറവു കാരണത്താൽ അവർ ചില നേരങ്ങളിൽ അറിവുകളുടെ സാങ്കേതികത്വങ്ങളിൽ പരിചയമുള്ളവരാകുകയില്ല. എന്നാൽ, അവരുടെ പ്രവർത്തനമണ്ഡലവുമായി ബന്ധം വെക്കുന്ന എല്ലാ അറിവിന്റേയും യഥാർഥ ഉദ്ദേശ്യവും തേട്ടവും അല്ലെങ്കിൽ മറ്റുവാക്കുകളിൽ ആ അറിവിന്റെ മജ്ജയേയും ശ്രേഷ്ഠതയേയും കുറിച്ച് അവർക്ക് പൂർണമായ അറിവുണ്ടായിരിക്കുകയും ചെയ്യും. അവരെക്കാളുപരി ആർക്കും അത്തരം അറിവിന്റെ പാണ്ഡിത്യം കിട്ടുകയില്ല.

### നബിമാരും മനഃശാസ്ത്രവും.

മനുഷ്യന്റെ മാനസികമായ പ്രതികരണങ്ങളുടെ അറിവും നബിമാരുടെ പ്രത്യേകമാക്കപ്പെട്ട അറിവുകളുടെ ഭാഗവുമാണ് മനഃശാസ്ത്രം. കാരണം തർബിയ്യത്തി(വിദ്യനല്കി സംസ്കരിച്ചെടുക്കുക)ന്റേയും ഇസ്‌ലാഹി(പരിഷ്കരണം)ന്റേയും പ്രവൃത്തിയുമായി ഈ അറിവിന് പ്രത്യേക ബന്ധമുണ്ട്. എന്നല്ല സത്യം പറഞ്ഞാൽ ശരീഅത്തിന്റെ അടിത്തറ അധികവും ഇതേ അറിവിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപിതമാകുന്നത്. പക്ഷേ, വിശുദ്ധ ഖുർആൻ നമ്മളോടു പറയുന്നതുപോലെ അവസ്ഥകളിൽനിന്ന് അതുതന്നെയാണ് പ്രകടമാകുന്നത്, നബിമാർക്കും പദവികളുണ്ട്. എത്തരത്തിലുള്ള ജോലികളാണോ ഓരോ നബിയുടേയും ചുമതലയിൽ വരുന്നത് അതനുസരിച്ച് അയാൾക്ക് അല്ലാഹുവിൽനിന്ന് കഴിവുകൾ നല്കപ്പെടുകയും അറിവുകളുടെ കവാടങ്ങൾ തുറക്കപ്പെടുകയും ചെയ്യുന്നു.

### നബിﷺതിരുമേനിയും മനഃശാസ്ത്രവും

നമ്മുടെ നബിﷺതിരുമേനി ഖാത്തമുന്നബിയ്യീനായിരുന്നു. കഴിഞ്ഞു കടന്ന നബിമാർക്കു വിരുദ്ധമായി അവിടന്ന് മുഴു ലോകത്തിന്റേയും പരിഷ്കരണത്തിന് നിയമിക്കപ്പെട്ടു. അവിടത്തെ സന്ദേശം എല്ലാ കറുത്തവന്റേയും വെളുത്തവന്റേയും പേരിലായിരുന്നു. അവിടത്തെ ന്യായപ്രമാണം എല്ലാ ജനതയ്ക്കും എക്കാലത്തേക്കും വേണ്ടി അയക്കപ്പെട്ടതായിരുന്നു. അതുകൊണ്ട് സ്വാഭാവികമായും അതിനുള്ളിൽ ശക്തികളും നിക്ഷേപിക്കപ്പെട്ടിരുന്നു. ആ മഹാത്മാവിന് പ്രദാനം ചെയ്യപ്പെട്ട അറിവുകൾ ആ മഹത്തായ ജോലി നിർവഹിക്കുന്നതിന് അത്യാവശ്യമായിരുന്നു. അതിൽ ഒരു നബിക്കും അപമാനമില്ല. മറ്റു നബിമാരിൽ ആർക്കും ആ മഹാത്മാവിന് നല്കപ്പെട്ട അറിവുകൾ നല്കപ്പെട്ടിരുന്നില്ല. അവിടന്ന് ഏതൊരു ശക്തികളുമായാണോ വന്നത് അത് മറ്റാരും കൊണ്ടുവന്നിട്ടില്ല. അതുകൊണ്ടാണ് അവിടന്ന് പറഞ്ഞത് **അന സയ്യിദു വലദി ആദമ വലാ ഫഖ്റ** ഞാൻ ആദം സന്തികളുടെ നേതാവാകന്നു; എന്നാൽ, അക്കാരണത്താൽ ഞാനെന്റെ ആത്മാവിൽ അഹങ്കാരമൊന്നും കാണുന്നില്ല. നബിﷺതിരുമേനിയാണെങ്കിൽ ദൈവദൂതന്മാരിൽ അതിശ്രേഷ്ഠനായിരുന്നു. അപ്പോൾ തീർച്ചയായും മനഃശാസ്ത്രത്തിലും-പ്രവാചകത്വത്തിന്റെ നിർബന്ധ കടമകളോടൊപ്പം അതറിയേണ്ടതും പരസ്പരപൂരിതങ്ങൾ എന്ന നിലയിൽ അവിടന്ന് ഏറ്റവും ഒന്നാമനും ഏറ്റവും മുന്നിലും ആകേണ്ടത് അത്യാവശ്യമായിരുന്നു. യഥാർഥത്തിൽ അങ്ങനെത്തന്നെയായിരുന്നുവെന്ന് നമ്മൾ കാണുന്നു. കാരണം നബിﷺതിരുമേനിയെക്കൊണ്ട് അല്ലാഹു തർബിയ്യത്തിന്റേയും ഇസ്‌ലാഹിന്റേയും മഹത്തായതും അദ്വിതീയവുമായ ജോലി ചെയ്യിക്കണമായിരുന്നു. അതുകൊണ്ട് ഒരു മുന്തിയ സ്പോഞ്ചിന്റെ കഷണം വെള്ളത്തിൽ മുക്കിയെടുത്തതിനുശേഷം എപ്രകാരം വെള്ളം നിറഞ്ഞതായിരിക്കുമോ അതേപ്രകാരം ഈ ശാസ്ത്രം ആ മഹാത്മാവിൽ പ്രവേശിപ്പിക്കപ്പെട്ടിരുന്നു. പ്രകൃത്യായുള്ള ഒരു അരുവി എന്ന നിലയിൽ ഈ ശാസ്ത്രത്തിന്റെ ശാശ്വതമായ സത്യസാക്ഷ്യങ്ങൾ ഈ മഹാത്മാവിൽനിന്ന് അണപൊട്ടി ഒഴുകിക്കൊണ്ടിരുന്നു.

എന്നെ സംബന്ധിച്ചിടത്തോളം ഈ ഹ്രസ്വമായ ലേഖനത്തിൽ ഈ വിഷയത്തിന്റെ എല്ലാ വശങ്ങളും വിവരിക്കാനിടമില്ല. എന്നല്ല ഏതെങ്കിലും ഒരു വശംതന്നെ വിശദമായി വിവരിക്കാൻ പറ്റുകയില്ല. അതുകൊണ്ട് ഞാനിവിടെ വളരെ സംക്ഷിപ്തമായി കേവലം കുറച്ചു ഉദാഹരണങ്ങൾ അവിടത്തെ 'സംസാരത്തിൽ' നിന്നുള്ളവ വിവരിക്കുന്നതാണ്. ഇതിൽനിന്ന് എങ്ങനെയാണ് അവിടത്തെ ഓരോ കാര്യവും മനഃശാസ്ത്രത്തിന്റെ ശാശ്വതമായ നിയമത്തിന്റെ അച്ചിൽ വാർത്തെടുത്ത് പുറത്തുവരുന്നതെന്ന് അറിയാൻ കഴിയും. കൂടുതൽ സംക്ഷിപ്തമാക്കണം എന്ന വിചാരത്തോടെ ഞാൻ അവിടത്തെ നിത്യേനയുണ്ടാകുന്ന സംസാരത്തിൽനിന്ന് അനൈച്ഛികമായി പുറപ്പെട്ട കാര്യങ്ങളുമായി ബന്ധപ്പെട്ട ഭാഗം മാത്രം എടുക്കുകയാണ്.

### നബിﷺതിരുമേനിയുടെ സംസാരത്തിന്റെ ശ്രേഷ്ഠത

ഞാൻ പറഞ്ഞു കഴിഞ്ഞതാണ്, സാധാരണഭാഷയിൽ മനഃശാസ്ത്രമെന്ന് പറയുന്നത് മാനസികമായ വ്യാഖ്യാനത്തിന്റേയും അതുമായി ബന്ധപ്പെട്ട പ്രവൃത്തിയുടേയും പേരാണ്. ഈ ശാസ്ത്രത്തിൽ മാനസികമായ പ്രതികരണംകൊണ്ടാണ് ചർച്ച ചെയ്യുന്നത്. മനുഷ്യൻ എങ്ങനെയാണ് തന്റെ ചുറ്റുപാടുകളിൽനിന്ന് സ്വാധീനം സ്വീകരിക്കുന്നതെന്ന് പറയുകയും ചെയ്യുന്നു. അവന്റെ ചിന്താഗതികളുടെ മുൻവശം എങ്ങനെ, ഏതു നിയമങ്ങൾക്കു വിധേയമായി ചലിക്കുന്നു തുടങ്ങിയവ. നബിﷺതിരുമേനിയുടെ സംസാരത്തിലുണ്ടായിരുന്ന ശ്രേഷ്ഠത സംബോധനചെയ്യപ്പെടുന്നവർ വ്യക്തിയോ സംഘമോ ആരായാലും അവരുടെ മാനസികമായ അവസ്ഥയെ പൂർണമായും പരിഗണിച്ചുകൊണ്ടുള്ളതായിരുന്നു എന്നതാണ്. ഏതെങ്കിലും വ്യക്തിയുടേയോ സംഘത്തിന്റേയോ ചിന്താഗതികളുടെ പരിഷ്കരണത്തിന് ഇത് ഉത്തമമായ മാർഗം ആകാവുന്നതാണ്. അതനുസരിച്ചായിരുന്നു അവിടത്തെ അനുഗൃഹീതമായ

സംസാരം. അതുകൊണ്ട് അല്ലാഹുവിന്റെ പ്രത്യേകമായ ഇംഗിതം മറ്റൊന്ന് ഉണ്ടായാലൊഴികെ അവിടത്തെ ഓരോ സംസാരവും ഒരു ഇരുമ്പാണിപോലെ ശ്രോതാവിന്റെ മനസ്സിൽ തറച്ചു കയറുമായിരുന്നു. അവിടന്ന് സംബോധനചെയ്യപ്പെടുന്നവന്റെ ചിന്താഗതികളുടെ ഒഴുക്ക് തെറ്റായ വഴിയിലേക്ക് പോകുന്നതു കണ്ടോ അല്ലെങ്കിൽ അവൻ തെറ്റായവഴിയിൽ പതിക്കാൻ സാധ്യതയുണ്ടെന്ന് മനസ്സിലാക്കിയോ ക്ഷണത്തിൽ ശ്രോതാവിന്റെ മാനസികമായ ഒഴുക്കിനെ വിച്ഛേദിച്ച് അതിന്റെ ദിശമാറ്റുന്ന കാര്യം പറയുമായിരുന്നു. അവിടത്തെ ജീവിതത്തിൽ അത്തരം ഉദാഹരണങ്ങൾ ആയിരക്കണക്കിന് ലഭിക്കുന്നുണ്ട്. എന്നാൽ, ഞാനിവിടെ മാതൃക എന്ന നിലയിൽ അല്പം ചിലത് മാത്രം പറഞ്ഞ് വിരമിക്കുകയാണ്.

## ബദ്ർ യുദ്ധാവസരത്തിലെ മാതൃക

ബദ്ർ യുദ്ധാവസരത്തിൽ മുസ്‌ലിം സൈന്യം മുമ്പിലെത്തിയിരുന്നില്ല, എന്നല്ല ഭൂരിഭാഗം മുസ്‌ലിമീങ്ങൾക്കും അവിശ്വാസികളുടെ ഒരു ശക്തമായ സൈന്യം മക്കയിൽനിന്ന് പുറപ്പെട്ടുവരുന്നുവെന്നുള്ള വിവരവുമില്ലായിരുന്നു. കച്ചവടസംഘത്തെ നേരിടേണ്ടിവരുമെന്ന വിചാരത്തോടെമാത്രം അവർ വീട്ടിൽനിന്ന് പറുപ്പെട്ടതാണ്-ആ നേരത്ത് ചില സ്വഹാബത്ത് മക്കയിലെ അവിശ്വാസികളുടെ ഒരു പട്ടാളക്കാരനെ ഒരു അരുവിക്കരയിൽനിന്ന് പിടിച്ചുകൊണ്ടുവന്ന് നബിﷺതിരുമനിയുടെ സന്നിധിയിൽ ഹാജരാക്കി. നബിﷺതിരുമേനി അയാളോടു അവിശ്വാസികളുടെ സൈന്യത്തെ സംബന്ധിച്ച് ചില കാര്യങ്ങൾ ചോദിച്ചു. പിന്നീട് മക്കയിലെ നേതാക്കന്മാരിൽ ആരൊക്കെയാണ് കൂടെയുള്ളതെന്ന് ചോദിച്ചു. അയാൾ പറഞ്ഞു: ഉത്ബ, ശെയ്ബ, ഉമയ്യ, നള്ർ ബിൻ ഹാരിഥ്, ഉഖ്ബ, അബൂജഹ്ൽ, അബുൽ ബഖ്ത്തരി, ഹക്കീം ബീൻ ഹസാം തുടങ്ങിയവരെല്ലാം കൂടെയുണ്ട്. ഇവർ ഖുറയ്ശി ഗോത്രത്തിന്റെ ഊടുംപാവുമായിരുന്നു. അങ്ങേയറ്റം ധീരരും ഫൈൽവാന്മാരായ സേനാധിപരമായി മനസ്സിലാക്കപ്പെട്ടവരുമായിരുന്നു. അവരുടെ പേരുകേട്ടും മക്കയിലെ മുഴുവൻ പ്രസിദ്ധരായവരും മുസ്‌ലിമീങ്ങളെ ഉന്മൂലനം ചെയ്യാൻ പുറപ്പെട്ടുവരുന്നുവെന്ന് മനസ്സിലാക്കിയും ദുർബലരായ ചില സ്വഹാബിമാർ പരിഭ്രമിച്ചു. നബിﷺതിരുമേനി അവരെ ദൃഷ്ടി ഉയർത്തി നോക്കി, അനൈച്ഛികമായി പറഞ്ഞു: **ഹാദിഹീ മക്കത്തു ഖദ് അൽഖത്ത് ഇലയ്ക്കും അഫ്‌ലാദ കബദിഹാ** എടുത്തുകൊള്ളുക! മക്ക നിങ്ങളുടെ മുമ്പിൽ തങ്ങളുടെ കരളിന്റെമൂല എടുത്തു വെച്ചിരിക്കുന്നു. അതായത് നിങ്ങൾ സന്തോഷിക്കുക! അല്ലാഹു നിങ്ങൾക്കുവേണ്ടി ഇത്ര വലിയ ഇരയെ ഒരുമിച്ചു കൂട്ടിയിരിക്കുന്നു. ഇതുകേട്ടപാടെ സ്വഹാബത്തിന്റെ ചിന്താഗതികളുടെ ഒഴുക്കിന്റെ ഗതി ക്ഷണത്തിൽ മാറി. ഇതൊരു പരിഭ്രമിക്കേണ്ട അവസരമല്ലെന്നും പ്രത്യുത അല്ലാഹു തന്റെ വാഗ്ദാനങ്ങളനുസരിച്ച് ആ അവിശ്വാസികളുടെ നേതാക്കന്മാരെ തങ്ങളുടെ കൈയാൽ നശിപ്പിക്കുന്നതിനുവേണ്ടി ഒരുമിച്ചു കൂട്ടിയിരിക്കുകയാണെന്നും അവർ മനസ്സിലാക്കി. ഇപ്രകാരം ദുർബലരായ മുസ്‌ലിമീങ്ങളെ പ്രയാസങ്ങൾക്കും ഭയത്തിനും കാരണമാകുമായിരുന്ന ആ വിവരം നബിﷺതിരുമേനിയുടെ ഒരു അനൈച്ഛികമായ കാര്യംകൊണ്ട് അവരുടെ സന്തോഷത്തിനും അവരെ ശക്തിപ്പെടുത്താനും നിമിത്തമായി. നബിﷺതിരുമേനി ഈ വാക്യം എന്തെങ്കിലും ചിന്തയുടേയോ ആലോചനയുടേയോ ഫലമായല്ല പറഞ്ഞത്. പ്രത്യുത അവിടെ അവിടന്ന് മക്കയിലെ പട്ടാളക്കാരന്റെ വായിൽനിന്ന് ഈ വാക്കുകൾ കേൾക്കുകയും സ്വഹാബത്തിന്റെ മുഖങ്ങളിൽ ദൃഷ്ടി പായിച്ച് പരിഭ്രമം അവരുടെ മുഖത്ത് നിഴലിക്കുന്നതായി കാണുകയും ചെയ്തപ്പോൾ അനൈച്ഛികമായ നിലയിൽ ഇവിടെ ഒരു അമ്പ് അതിന്റെ വില്ലിന്റെ ഞാണിൽനിന്ന് പുറപ്പെടുന്നതുപോലെ അവിടത്തെ വായിൽനിന്ന് ഈ വാക്കുകൾ പുറത്തുവരികയായിരുന്നു. ഈ സംസാരത്തിന്റെ ഫലമായി മുസ്‌ലിമീങ്ങളുടെ ചിന്താഗതികളുടെ ഒഴുക്ക് ക്ഷണത്തിൽ ഗതിമാറി.

## മക്ക വിജയാവസരത്തിലെ മാതൃക

മക്ക വിജയാവസരത്തിൽ നബിﷺതിരുമേനി മക്കയിലെ നേതാവായ അബുസുഫിയാന്റെ അനുഭാവവും സമ്മതിച്ചിരുന്നു. അയാളോടു നബിﷺതിരുമേനി ചില വാഗ്ദാനങ്ങളും ചെയതിരുന്നു. മുസ്‌ലിം സൈന്യം മാർച്ചു ചെയ്തുകൊണ്ടിരിക്കെ അബു സുഫിയാൻ ഒരു ഉയർന്ന സ്ഥലത്തിരുന്ന് സൈന്യവ്യൂഹത്തെ വീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ അൻസ്വാറിന്റെ ഒരു സേനാനായകനായ സഅ്ദ് ബിൻ ഉബാദ, അബൂ സുഫിയാനെ കണ്ടു. ബലം പ്രയോഗിച്ച് മക്കയിൽ പ്രവേശിക്കുവാൻ തങ്ങൾ അനുവദിക്കപ്പെട്ടിരിക്കുന്നുവെന്നും ഇന്ന് ഖുറയ്ശികൾ എളിമയിലാകാൻ പോകുന്നുവെന്നും സഅ്ദ് ആ അവസരത്തിൽ വിളിച്ചു പറഞ്ഞു. ഉടനെ അബൂസുഫിയാൻ നബിﷺതിരുമേനിയുടെ അടുത്തു വന്ന് പറഞ്ഞു:'സഅ്ദ് പറഞ്ഞതെന്താണെന്ന് അങ്ങ് കേട്ടില്ലേ? ഇന്ന് മക്ക നിന്ദിക്കപ്പെടുന്ന ദിവസമാണെന്നാണ് സഅ്ദ് പറയുന്നത്.'

നബിﷺതിരുമേനി പറഞ്ഞു: 'സഅ്ദ് പറഞ്ഞത് തികച്ചും തെറ്റാണ്. ഇന്ന് നിന്ദയുടെ ദിനമല്ല. ഇന്ന് മക്കയുടെ വന്ദനത്തിന്റെ ദിനമാണ്. അവിടന്ന് സഅ്ദിൽനിന്ന് പതാക വാങ്ങി അദ്ദേഹത്തിന്റെ മകനെ ഏല്പിച്ചു.'

ഇതൊരു അനൈച്ഛികമായ സംസാരമായിരുന്നു. എന്നാൽ, നോക്കുകയാണെങ്കിൽ അതിൽ മനഃശാസ്ത്രത്തിന്റെ എത്രയൊ ശാശ്വതമായ സത്യസാക്ഷ്യങ്ങൾ മറഞ്ഞിരിക്കുന്നതാണെന്ന് കാണാം. ഒന്നാമത്തെ കാര്യം ഇതാണ്:'മക്കക്കാരുടെ നിന്ദ' എന്ന വാക്യത്തിൽ, നബിﷺതിരുമേനി മക്കയിൽ പ്രവേശിക്കുകയാണെങ്കിൽ അത് മക്കക്കാരുടെ നിന്ദയായിരിക്കുമെന്ന് മനസ്സിലാക്കാമായിരുന്നു എന്നാണ്. വാസ്തവത്തിൽ നബിﷺതിരുമേനി വിജയിക്കുകയാണെങ്കിലും അത് നബിﷺതിരുമേനിയുടെ കൊടിക്കീഴിൽ വരുമ്പോൾ അത് മക്കയുടെ വന്ദനമായിരിക്കും. പിന്നീട് മക്കയുടെ സ്ഥാനം എങ്ങനെയുള്ളതാണെന്നാൽ അതിനെ ഒരു അവസ്ഥയിലും നിന്ദയുമായി ചേർത്ത് പറയാൻ സാധിക്കുകയില്ല. രണ്ടാമത്തേത് സഅ്ദിന്റെ വാക്യത്തിൽനിന്നും ആ വാക്യം പറയുന്ന രീതിയിൽനിന്നും മുസ്‌ലിമീങ്ങളുടെ മനസ്സിൽ അബു സുഫിയാനെ സംബന്ധിച്ച് അവഹേളനത്തിന്റെ വികാരങ്ങൾ ഉണ്ടാകാമായിരുന്നു. എന്നാൽ, നബിﷺതിരുമേനിയുടെ ഇച്ഛ അയാൾക്ക് ധൈര്യം പകരുക എന്നതായിരുന്നു. അതുകൊണ്ട് അവിടന്ന് പെട്ടെന്നുതന്നെ അബൂസുഫിയാന്റെ പരാതിയിൽ സഅ്ദിന് മുന്നറിയിപ്പ് നല്കി. മുസ്‌ലിമീങ്ങളുടെ ചിന്താഗതികളെ തെറ്റായ വഴിയിൽ പതിക്കുന്നതിൽനിന്ന് തടഞ്ഞു. മൂന്നാമത്തേത് സഅ്ദിന്റെ വായിൽനിന്ന് അനിയന്ത്രിതമായാണ് ഈ വാക്യം പുറപ്പെട്ടതെന്നും മനഃപ്പൂർവമല്ലെന്നും പിന്നെ അദ്ദേഹം തന്റെ ഗോത്രത്തിന്റെ നേതാവാണെന്ന് ചിന്തിച്ച് അദ്ദേഹത്തിന് കഴിവതും അവഹേളനം തോന്നരുതെന്ന് കണ്ട് മറ്റുള്ളവർക്ക് കുറ്റപ്പെടുത്താനുള്ള അവസരം ഉണ്ടാകാതിരിക്കുന്നതിനും സഅ്ദിനെ ആശ്വാസപ്പെടുത്തുന്നതിനുംവേണ്ടി അദ്ദേഹത്തിന്റെ കൈയിൽനിന്ന് പതാക വാങ്ങാൻ കല്പിക്കുകയും എന്നാൽ, അതിനൊടൊപ്പംതന്നെ അദ്ദേഹത്തിന്റെ മകന് പതാക കൈമാറാനും കല്പിച്ചു. ചിന്തിക്കുക! നബിﷺതിരുമേനിയുടെ വായിൽനിന്ന് പുറപ്പെട്ട ഈ അനൈച്ഛിക ഹ്രസ്വമായ വാക്കുകളിൽ അവിടത്തെ ദൃഷ്ടി എവിടെന്ന് എവിടവരെയെത്തി! ഒറ്റനിമിഷത്തിൽ അവിടത്തെﷺ വാക്കുകൾ നഷ്ടമുണ്ടാക്കാവുന്ന മാനിസികമായ വാതിലുകളെല്ലാം അടയ്ക്കുകയും ഫലപ്രദമായ പല വാതിലുകൾ തുറക്കുകയും ചെയ്തു.

## ഹുനയ്ൻ യുദ്ധാവസരത്തിലെ മാതൃക

ഹുനയ്ൻ യുദ്ധത്തിനുശേഷം യുദ്ധമുതലുകളുടെ വിതരണപ്രശ്നമുണ്ടായപ്പോൾ നബിﷺതിരുമേനി മക്കക്കാരുടെ മനസ്സിണക്കുക എന്ന ചിന്തയോടെ അവർക്ക് കൂടുതൽ ഭാഗം നല്കി. ആവേശഭരിതരും



• ഹദീഥുന്നബ്വിﷺ •

"അൽഅയ്മനു ഫൽ അയ്മനു."
വലതു ഭാഗത്തുള്ളവൻ വലതുഭാഗത്തുള്ളവൻതന്നെ.

ത്വാലിബെ ദുആ
Late DILSAD ABDULLATHEEF AND FAMILY KALLIKOTE
PATHAPPIRIYAM, MALAPURAM

• ഹദീഥുന്നബ്വിﷺ •

"അദ്ദുൻയാ മസ്റഅത്തുൽ ആഖിറ."
ഇഹലോകം പരലോകത്തിന്റെ കൃഷിയിടമാണ്.




ത്വാലിബെ ദുആ
DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD
VAYANASHALA, PATHAPPIRIYAM, KERALA

ചിന്താശക്തി കുറഞ്ഞവരുമായ ചില അൻസ്വാറിന് അതിൽ ആക്ഷേപമുണ്ടായി. അവർ പറഞ്ഞു:'ചോര ഞങ്ങളുടെ വാളുകളുടെ മുനയിൽനിന്ന് ഇറ്റു വീണുകൊണ്ടിരിക്കുകയാണ്. എന്നാൽ, സമ്മാനം മക്കക്കാർ കൊണ്ടുപോയി.' നബിﷺതിരുമേനി ഇക്കാര്യം അറിഞ്ഞു. അവിടന്ന് അൻസ്വാറിനെ പ്രത്യേകമായൊരു സ്ഥലത്ത് സംഘടിപ്പിച്ചു. അവരോടു പറഞ്ഞു:'എനിക്ക് ഇങ്ങനെയൊക്കെയുള്ള സംസാരം എത്തിയിരിക്കുന്നു. ആളുകൾ ആടുകളും ഒട്ടകങ്ങളും കൊണ്ടുപോകുകയാണ്. എന്നാൽ, നിങ്ങളോടൊപ്പം അല്ലാഹുവിന്റെ റസൂൽ പൊയ്ക്കൊണ്ടിരിക്കുന്നു എന്ന കാര്യത്തിൽ നിങ്ങൾ സന്തോഷവാന്മാരല്ലേ?' ഇതുകേട്ട് അനിയന്ത്രിതമായി അൻസ്വാറിന്റെ മുറവിളികൾ പുറത്തുവരികയും കരഞ്ഞു കരഞ്ഞ് അവരുടെ എക്കിൾസ്വരം നിലയ്ക്കുകയും ചെയ്തു. അവർ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! ഞങ്ങളിലെ അജ്ഞരായ ചില യുവാക്കളുടെ വായിൽനിന്നാണ് ഈ വാക്യം പുറപ്പെട്ടത്. ഞങ്ങൾ അല്ലാഹുവിന്റെ റസൂലിനെ എടുക്കുകയാണ്. ഞങ്ങൾക്ക് ഭൗതിക സമ്പത്തിനോടു താൽപര്യമില്ല.' അവിടന്ന് പറഞ്ഞു: "അൻസ്വാർ സംഘമേ!ഇനി നിങ്ങളെന്നെ സ്വർഗത്തിൽ ഹൗളുൽകൗഥറിൽ കാണുക."

മനഃശാസ്ത്രമനുസരിച്ച് ഈ സംഭവത്തിന്റേ ആദ്യ ഭാഗത്തിന്റെ വ്യാഖ്യാനം വ്യക്തമാണ്. അതിന് ഒരു അടിക്കുറിപ്പിന്റേയും ആവശ്യമില്ല. എന്നാൽ, അവിടന്ന് പറഞ്ഞ അവസാനവാക്യം അല്പം വിശദീകരണം തേടുന്നുണ്ട്. ഇതൊരു വളരെ സാധാരണവും വ്യക്തവുമായ വാക്യമാണ്. എന്നാൽ, മനഃശാസ്ത്രത്തിന്റെ അച്ചിൽ എങ്ങനെ വാർത്താണ് അത് പുറപ്പെട്ടത്. അവിടത്തെ ഉദ്ദേശ്യമിതായിരുന്നു, നിങ്ങളിൽ ചിലർ ഭൗതികതയോടു ആർത്തി കാണിച്ചു. ഇനി അതിന് നഷ്ടപരിഹാരമായി നിങ്ങൾക്ക് ലോകത്ത് ആ ദൈവികസമ്മാനം നിഷേധിക്കപ്പെടുന്നതായിരിക്കും. അത് ലോകത്തിലെ സമ്മാനങ്ങളിൽ ഏറ്റവും വലിയ സമ്മാനമാണ്. അതായത് ഭരണവും രാജ്യവും. പക്ഷേ, നിങ്ങളുടെ ആത്മാർഥതയും നിങ്ങളുടെ ത്യാഗങ്ങളും പാഴായിപ്പോയെന്ന് കരുതരുത്. പ്രത്യുത അതിനുവേണ്ടി നിങ്ങളെന്നെ പരലോകത്ത് ഹൗളുൽകൗഥറിൽ വന്ന് കാണണം. അവിടെ നിങ്ങൾ പരലോകത്തെ സമ്മാനങ്ങൾകൊണ്ട് സമ്പന്നരാക്കപ്പെടുന്നതായിരിക്കും. അല്ലാഹു നിങ്ങളുടെ എല്ലാ കുറവുകളും പരിഹരിക്കുന്നതായിരിക്കും. എന്നാൽ, ലോകത്തു ഭരണത്തിന്റേയും ആധിപത്യത്തിന്റേയും സമ്മാനം ഇനി നിങ്ങൾക്കു കിട്ടുകയില്ല. അതായത് ഈ ഹ്രസ്വവാക്യത്തിൽ അവിടന്ന് അൻസ്വാറിന്റെ മനസ്സിൽ ഈ പാഠം ദൃഢഗാഢമാക്കി. നിങ്ങൾ ദേശീയമായ നിലയിൽ ശക്തരാകാനും അഭിവൃദ്ധിപ്പെടാനും ആഗ്രഹിക്കുന്നെങ്കിൽ നിങ്ങളുടെ ദുർബലരായ കൂട്ടുകാരേയും നിങ്ങളോടൊപ്പം സംരക്ഷിച്ച് നടക്കുക. ഇല്ലെങ്കിൽ ഒരു ഭാഗത്തിനോടൊപ്പം മറ്റെ ഭാഗത്തേയും അവിടെ വഹിക്കേണ്ടിവരും. ഈ വാക്യത്തിൽ അവിടന്ന് ഇങ്ങനേയും പറഞ്ഞു: നിങ്ങൾ എന്റെ കോന്തലപിടിച്ചുകൊണ്ട് ഭൗതികാനുഗ്രഹങ്ങൾ ആശിച്ചു. ഇപ്പോൾ നിങ്ങൾ ഭൗതികാനുഗ്രഹങ്ങളിൽനിന്ന് കൈകഴുകി ഇരിക്കേണ്ടതല്ലെ? എന്നാൽ, ചിന്താഗതികളുടെ ഈ ഒഴുക്കിനോടൊപ്പം ക്ഷണത്തിലുണ്ടാകുന്ന ചിന്ത അൻസ്വാറിന്റെ ജമാഅത്ത് ദൈവികമായ സമ്മാനങ്ങൾ നിഷേധിക്കപ്പെട്ടവരായെന്നാണ്. അതുകൊണ്ടു അവിടന്ന് അതിനോടൊപ്പം ഉടനെ ആ ചിന്താഗതി അകറ്റി. അല്ല അങ്ങനെ ഒരിക്കലുമല്ല. പ്രത്യുത അല്ലാഹു അവരെ പരലോകത്ത് ദൈവികപാരിതോഷികങ്ങളുടെ അവകാശികളാക്കും. കാരണം യഥാർഥ ജീവിതം പരലോകജീവിതം തന്നെയാണ്. അതുകൊണ്ട് പരലോകത്ത് സമ്മാനങ്ങൾ ലഭിച്ചാൽ ഭൗതികലോകത്തെ നിഷേധം പരിഗണനാർഹമല്ല. അവിടത്തെ ഈ വാക്യത്തിൽ കൂടുതൽ ആസ്വാദ്യതയുണ്ട്. നബിﷺതിരുമേനിയുടെ ആ അവസരത്തിലെ യഥാർഥ ഉദ്ദേശ്യം അൻസ്വാറിന് മുന്നറിയിപ്പു നല്കുക എന്നതായിരുന്നു. പക്ഷേ, അവിടന്ന് സമ്മാനത്തിന്റെ ഭാഗം വ്യക്തമായ വാക്കുകളിൽ വിവരിച്ചു. എന്നാൽ, ശിക്ഷയുടേയും നിഷേധത്തിന്റേയും അർഥം വാക്കുകളിൽ വിവരിച്ചില്ല. പ്രത്യുത വരികൾക്കിടയിൽവച്ചു. അതായത് ഇനി നിങ്ങൾക്ക് ഇഹലോകത്ത് ഭരണത്തിന്റെ സമ്മാനം കിട്ടുകയില്ലെന്ന് പറഞ്ഞില്ല. മറിച്ച് ഇനി നിങ്ങൾ ആഖിറത്തിൽ എന്നെ കാണണമെന്ന് പറഞ്ഞ് നിശബ്ദനായി. കാരണം ഇതൊരു ശകാരത്തിന്റെ അവസരമായിരുന്നു. പരലോകത്ത് നിങ്ങൾ ദൈവിക സമ്മാനങ്ങളുടെ വളരെ വലിയ ഭാഗം പ്രാപിക്കുമെന്ന് പറയാതെ കേവലം എന്നെ ഹൗളുൽകൗഥറിൽ കാണണം എന്നുമാത്രം പറഞ്ഞ് അവിടന്ന് ഇക്കാര്യം പരസ്യപ്പെടുത്തിയില്ല. അതായത് ആ ഹൗളിൽ എന്റെ അടുത്ത് വരണം. അവിടെ എല്ലാ സമ്മാനവും എല്ലാ നന്മയും അങ്ങേയറ്റം അധികമായി കാണുന്നതായിരിക്കും. അതിൽ സൂചിപ്പിച്ചിരുന്നത് ഭൗതിക ലോകത്തെ അനുഗ്രഹ നിഷേധിത്തിന് പകരം പരലോകത്തെ സമ്മാനങ്ങളുടെ ആധിക്യമുണ്ടാകുമെന്നാണ്. ഇത് അറേബ്യൻ മണലാരണ്യത്തിലെ ആ നിരക്ഷരനായ നബിയുടെ സംസാരമാണ്. അദ്ദേഹം ബാഹ്യമായ അറിവിന്റെ അടിസ്ഥാനത്തിൽ അലിഫ്, ബ, ജീം, ദാൽവരെ അറിയാത്ത ആളായിരുന്നു.

## മറ്റൊരു അവസരത്തിലെ മാതൃക

ദൈവേച്ഛ പ്രകാരം ഒരു യുദ്ധത്തിൽ മുസ്‌ലിമീങ്ങൾക്ക് പരാജയമുണ്ടായി. ഒരുപാട് സ്വഹാബിമർ മൈതാനം വിട്ടോടി. പിന്നീട് ഇവർ നാണക്കേടു കാരണത്താൽ നബിﷺതിരുമേനിയുടെ മുന്നിൽ വരുമായിരുന്നില്ല. അവർ മസ്ജിദിന്റെ മൂലയിൽ മുഖം മറച്ച് ഇരുട്ടത്തിരിക്കുന്നത് നബിﷺതിരുമേനി കണ്ടു. നിങ്ങളാരാണെന്ന് അവിടന്ന് ചോദിച്ചു. അവർ നാണംകൊണ്ട് വെള്ളമാകുകയായിരന്നു. കരഞ്ഞുകൊണ്ട് പറഞ്ഞു: **യാ റസൂലല്ലാഹ്! നഹ്നുൽ ഫർറാറൂന യാ റസൂലല്ലാഹ്!** ഞങ്ങൾ ഓടിപ്പോയവരാണ്. അവിടന്ന് അനൈച്ഛികമായി പറഞ്ഞു: ബൽ അൻതും അക്കാറൂന അല്ല, നിങ്ങൾ ഓടിപ്പോയവരല്ല. നിങ്ങൾ വീണ്ടും ആക്രമിക്കുന്നതിനുവേണ്ടി തയ്യാറായിരിക്കുന്നവരാണ്. അല്ലാഹ്! അല്ലാഹ്! എന്തൊരു തേജോവിലാസം. യുദ്ധമൈതാനത്തുനിന്നു ഓടിപ്പോയ പട്ടാളക്കാർ നാണക്കേടിൽ മുങ്ങിക്കൊണ്ടിരിക്കുകയാണ്. അവർ പറയുന്നു:യാ റസൂലല്ലാഹ്! ഞങ്ങൾ അങ്ങയ്ക്ക് എന്തുമുഖം കാണിക്കാനാണ്? ഞങ്ങൾ മൈതാനത്ത് പുറം കാണിച്ചു കഴിഞ്ഞിരിക്കുകയാണ്. അവരുടെ ധൈര്യം ചോർന്നു പോകുന്നത് നബിﷺതിരുമേനി കാണുന്നു. ക്ഷണത്തിൽ പറയുന്നു:നിങ്ങൾ എവിടെ ഓടിപ്പോയവരാണ്. നിങ്ങൾ വീണ്ടും ശക്തമായി ആക്രമണം നടത്താൻ പിന്നോട്ടു മാറിയതാണ്. എന്നോടൊപ്പം ചേർന്ന് വീണ്ടും യുദ്ധത്തിന് ഇറങ്ങുക. ആ ഒരൊറ്റ വാക്കുകൊണ്ട് ധൈര്യം ചോർന്നുപോയ സ്വഹാബിമാരെ അവരുടെ താഴ്ചയിൽനിന്നുയർത്തി ഏതു ഉന്നതിയിലാണ് എത്തിക്കുന്നത്!

*(മളാമീനെ ബശീർ, പേജ് 159-165)*

പേജ് 8 ൽ നിന്ന്

യാണ് നമ്മുടെ ശഹാദത്തുകൾ നടന്നത്. ഈ പ്രദേശത്ത് അറബിയിൽ സംസാരിക്കുന്നത് സർവ്വസാധാരണമാണ്. ഇവിടെയുള്ള പണ്ഡിതന്മാർ തങ്ങളുടെ അറബി പ്രാവീണ്യം കാണിച്ചുകൊണ്ട് ജനങ്ങളെ സ്വാധീനിക്കാൻ ശ്രമിച്ചിട്ടുണ്ടായിരുന്നു. ഇവിടെ അദ്ദേഹം വലിയ വലിയ പണ്ഡിതന്മാരുമായി സംവാദം നടത്തുകയും അവരെ പരാജയപ്പെടുത്തുകയും ചെയ്തു. വിദൂര ഗ്രാമങ്ങളിലും തബ്‌ലീഗ് ചെയ്തു. അനഹ്മദി പണ്ഡിതന്മാർ അദ്ദേഹത്തിന്റെ മുമ്പിൽ വരുന്നതിൽനിന്ന് ഒഴിഞ്ഞു മാറിയിരുന്നു. അദ്ദേഹവുമായി സംവാദം നടത്താൻ ഭയപ്പെട്ടിരുന്നു. അദ്ദേഹം ആ പ്രദേശത്ത് മുഴുവനും വലിയ ശേയ്ഖും ആലിമും എന്ന പേരിൽ പ്രസിദ്ധനായി. വളരെ വിപുലമായ രീതിയിൽ ഈ പ്രദേശത്ത് ജമാഅത്തുകൾ

ഹദീസുന്നബവ്വിﷺ
"അൽഖാലത്തു വാലിദത്തുൻ."
മാതൃസഹോദരിയും മാതാവ് തന്നെയാണ്.
ത്വാലിബെ ദുആ
TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638

ഹദീസുന്നബവ്വിﷺ
"ബജ്ജിലുൽ മശാഇഖ."
പ്രായമുള്ളവരെ ബഹുമാനിക്കുക.
ത്വാലിബെ ദുആ
tectona
feels more confidence
All Types Of Quality Furniture
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com
Layout : Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-10 Thursday 29 May 2025 Issue-22

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

സ്ഥാപിതമായി. അതുപോലെ 1991-ൽ അദ്ദേഹം ഇമാം ഇബ്റാഹിം ബദീഗാ സാഹിബുമായി ബന്ധപ്പെട്ടു. മഹ്ദിയാബാദിൽ ഇദ്ദേഹവും കൂട്ടുകാരുമാണ് ശഹീദായത്. അവർ ബയ്അത്ത് ചെയ്തു. 2023-ൽ ശഹാദത്ത് കൊണ്ട് അഹ്മദിയ്യത്തിന്റെ മിന്നിത്തിളങ്ങുന്ന താരകങ്ങളായി മാറുകയും ചെയ്തു.

2002-ൽ ബോബോ ജലാസോയിൽ അഹ്മദിയ്യലോകത്തിന്റെ ആദ്യത്തെ റേഡിയോ സ്റ്റേഷൻ നിലവിൽവന്നപ്പോൾ അബൂബക്ർ സാഹിബ് ഈ റേഡിയോ സ്റ്റേഷനിലെ പ്രഥമ പ്രസംഗകനായിരുന്നു. അദ്ദേഹം വളരെ ആവേശമുള്ള ദായീ ഇലല്ലാഹ് ആയിരുന്നു. അദ്ദേഹത്തിന്റെ തബ്ലീഗ് മുഖേന ലക്ഷക്കണക്കിനാളുകളിൽ സന്ദേശമെത്തി. ആയിരക്കണക്കിനാളുകൾക്ക് അഹ്മദിയ്യത്ത് സ്വീകരിക്കാൻ സൗഭാഗ്യം ലഭിച്ചു. വർഷങ്ങളോളം ജമാഅത്തിന്റെ ദേശീയ പ്രവർത്തകസമിതിയിലും സേവനത്തിന് അവസരം ലഭിച്ചിട്ടുണ്ട്. മരണസമയത്ത് അദ്ദേഹം വിവാഹകാര്യ സെക്രട്ടറിയായിരുന്നു. 2012-ൽ അദ്ദേഹത്തെ മാലിയിലെ പട്ടണമായ സീക്കാസോയിൽ നിയമിച്ചു. ഇവിടെ അദ്ദേഹത്തിന് അസാധാരണമായ സേവനത്തിന് അവസരം ലഭിച്ചു. 2019-ൽ ബോബോജലാസോയിൽ ഏതാനും യുവാക്കൾ ജമാഅത്ത് സംവിധാനത്തിനെതിരിൽ പ്രവർത്തിച്ചപ്പോൾ ഞാൻ അദ്ദേഹത്തെ തിരിച്ച് ബോബോജലാസോയിൽ അയച്ചു. അവിടെ നിയമിച്ചു. അവിടെ അദ്ദേഹത്തെ ജമാഅത്ത് സ്വദ്റായും നിയമിച്ചു. അദ്ദേഹം വളരെ തന്ത്രത്തോടും യുക്തിഭദ്രമായും കഠിനാധ്വാനത്തോടും ദുആകൾ ചെയ്തും അവിടെയുള്ള ഫിത്നകൾ ഇല്ലാതാക്കി. എല്ലാ ആളുകളും ബയ്അത്ത് പുതുക്കുകയും ചെയ്തു.

സന്തപ്ത കുടുംബത്തിൽ മാതാവും ഭാര്യയും സഹോദരനും മൂന്ന് മക്കളും പേരക്കിടാങ്ങളുമുണ്ട്.

അദ്ദേഹത്തിന്റെ ഭാര്യ ആഇശ കോലിബാലി സാഹിബ പറയുന്നു: 'അദ്ദേഹം എപ്പോഴും ഇസ്ലാമിക സേവനത്തിന് തയ്യാറായിരുന്നു. ആരോഗ്യം മോശമായിരുന്നിട്ടും എപ്പോഴും ജമാഅത്തുപരമായ പ്രോഗ്രാമിനും തബ്ലീഗ് പര്യടനങ്ങൾക്കും മുൻഗണന നൽകിയിരുന്നു.' അവർ പറയുന്നു: 'ചില സമയത്ത് അദ്ദേഹത്തിന്റെ ആരോഗ്യം മോശമാകുമ്പോൾ കുറച്ചു വിശ്രമിക്കാമെന്ന് പറഞ്ഞാൽ അപ്പോൾ അദ്ദേഹം, ഞാൻ ജീവിതം വഖ്ഫു ചെയ്തതാണ് എന്റെ അവസാനശ്വാസംവരെയും ദീനീ സേവനത്തിൽ വ്യാപൃതനായിരിക്കുമെന്ന് പറഞ്ഞിരുന്നു.' അവർ പറയുന്നു: 'ഞങ്ങളുടെ വിവാഹം നടന്നതുമുതൽ ഞാൻ കണ്ടത് അദ്ദേഹം 'എനിക്കിന്ന് സുഖമില്ല, അതുകൊണ്ട് തഹജ്ജുദ് നമസ്കരിക്കുന്നില്ലെന്ന്' ഒരിക്കൽപോലും പറഞ്ഞിരുന്നില്ല. ജമാഅത്തിന്റെ എന്തെങ്കിലും പ്രശ്നങ്ങൾക്കോ സേവനത്തിനോവേണ്ടി എപ്പോൾ പോകേണ്ടി വന്നാലും ഉടൻതന്നെ അദ്ദേഹം പോകുമായിരുന്നു. ഞാൻ രോഗിയാണെങ്കിലും അങ്ങനെ തന്നെയാണ് ചെയ്തിരുന്നത്. അദ്ദേഹവുമായി കൂടിക്കാഴ്ച നടത്തുന്നവരോടും ബന്ധുക്കളോടും അയൽക്കാരോടുമെല്ലാം വളരെ നല്ല രീതിയിൽ വർത്തിച്ചിരുന്നു. എല്ലാ ഓരോരുത്തരെയും സ്നേഹപൂർവ്വം പരിഗണിച്ചിരുന്നു. വളരെ മാതൃകായോഗ്യനായ വ്യക്തിയായിരുന്നു. വിശുദ്ധ ഖുർആനോടു വളരെയധികം സ്നേഹമായിരുന്നു. നബിﷺതിരുമേനിയെ അങ്ങേയറ്റം സ്നേഹിച്ചിരുന്നു. ഇതാണ് ഒരു വാഖ്ഫെ സിന്ദഗിയുടെ ജീവിതം. മുറബ്ബിയുടെ ജീവിതം. ഇത് നമ്മുടെ മുറബ്ബിമാർ എല്ലാ സമയത്തും അവലംബിക്കേണ്ടതാണ്. അല്ലാഹു ഇത്തരം ആത്മാവുള്ള വഖ്ഫിന്റെ ആത്മാവുള്ള ആളുകളെ ജമാഅത്തിന് നൽകിക്കൊണ്ടിരിക്കുമാറാകട്ടെ.

ബുർക്കിനാഫാസോയിലെ മുൻ അമീർ ഇദ്രീസ് ശാഹിദ് സാഹിബ് എഴുതുന്നു: "അദ്ദേഹം വളരെ ശ്രമകരമായി തബ്ലീഗ് പ്രവർത്തനങ്ങൾ നല്ലപോലെ ചെയ്തുകൊണ്ടിരുന്നു. മന്ദസ്മിതനായി വൈജ്ഞാനിക രംഗത്ത് നല്ല തെളിവുകൾ നിരത്തി എല്ലാ സമയത്തും സേവനത്തിന്റെ ഉന്നത നിലവാരങ്ങൾ സ്ഥാപിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. ലോക്കൽ മുബല്ലിഗ് ദുറാബുൽ ഹസൻ പറയുന്നു: ഉസ്താദ് അബൂബക്ർ, നബിﷺതിരുമേനിയുടെ സത്യസന്ധനായ പ്രേമിയായിരുന്നു. ഒരു ദിവസം സൂറ അഹ്സാബിലെ 38-ാമത്തെ ആയത്ത് വ്യാഖ്യാനിക്കുമ്പോൾ നബിﷺ തിരുമേനിയുടെ ഹദ്റത്ത് സയ്നബുമായുള്ള വിവാഹത്തെ സംബന്ധിച്ച് അനഹ്മദി പണ്ഡിതന്മാരുടെ തലയും വാലുമില്ലാത്ത വിവരണം വന്നപ്പോൾ അദ്ദേഹത്തിന്റെ കണ്ണുകളിൽ കണ്ണീർ നിറഞ്ഞു. ഈ ആളുകൾ അറിവില്ലാതെ അനാവശ്യമായി എന്തൊക്കെ കാര്യങ്ങളാണ് പറയുന്നത്! ഇവർ ഇങ്ങനെയുള്ള കാര്യങ്ങൾ പറയുമ്പോൾ അതൊന്നും പ്രവാചക നിന്ദയല്ല. എന്നാൽ, അഹ്മദികൾ ആദരിച്ചുപറയുകയാണെങ്കിൽപ്പോലും അത് പ്രവാചകനിന്ദയായി എണ്ണപ്പെടുന്നു. നബിﷺതിരുമേനിയുടെ പേര് ഉച്ചരിക്കുന്നതുപോലും പ്രവാചകനിന്ദയാണത്രെ!

അദ്ദേഹം തുടരുന്നു: യാത്രയിലാണെങ്കിലും കൃത്യമായി തഹജ്ജുദ് നമസ്കരിച്ചിരുന്നു. ഖിലാഫത്തിനോട് ആത്മാർഥമായ ബന്ധമുണ്ടായിരുന്നു. ആരെങ്കിലും ജമാഅത്ത് സംവിധാനത്തിനെതിരെ സംസാരിച്ചാൽ അദ്ദേഹം ഊരിപ്പിടിച്ച വാളുപോലെ ജമാഅത്തിന്റെ സംവിധാനത്തെ പ്രതിരോധിക്കാൻ മുന്നിൽ വരുമായിരുന്നു. ആരോടുമൊരിക്കലും വെറുപ്പും വിദ്വേഷവും വെച്ച് പുലർത്തിയില്ല.

അല്ലാഹു അദ്ദേഹത്തിന്റെ പദവികളുയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ നന്മകൾ തുടർന്നു കൊണ്ടുപോകാൻ തൗഫീഖ് നൽകുമാറാകട്ടെ. അദ്ദേഹത്തിന്റെ ദുആകളുടെ അവകാശികളാക്കുമാറാകട്ടെ. *(വിവർത്തനം:എച്ച്.ശംസുദ്ദീൻകാവശ്ശേരി.)* *(അൽഫള്ൽ ഇന്റർനാഷണൽ 2025 മെയ് 16, പേജ് 2-7)*

പേജ് 1 ൽ നിന്ന്

നാട്ടുകാർ ആദിത്യം നൽകുന്നില്ലെങ്കിലോ? പറഞ്ഞു: തട്ടിപ്പറിച്ചും എടുക്കാവുന്നതാണ്. *(അബൂദാവൂദ് വാള്യം 3, കിതാബുൽ അത്ഇമ, ബാബു മാജാഅ ഫില്ലിയാഫത്തി).* ഈ കൽപ്പന ഇസ്ലാമിക പരിഷ്കാരം നടന്നുവരുന്ന കാലത്തേക്കുള്ളതാണ്. കാരണം ആ നാളുകളിൽ മറ്റുള്ളവർക്ക് അതിൽനിന്ന് ആദിത്യത്തിന്റെ അവകാശം എടുക്കാൻ കഴിയും. ഈ കൽപ്പന ലോകത്ത് നടപ്പിൽ വരുത്തുകയാണെങ്കിൽ ഹോട്ടലകുളും സത്രങ്ങളും കാരണത്താലുണ്ടാകുന്ന ഒരുപാട് ദോഷങ്ങൾ ലോകത്തുനിന്ന് അകന്നുപോകുന്നതാണ്. അത് ദരിദ്രർക്കും ലോകത്ത് യാത്ര ചെയ്യാൻ ഉന്നതമായ ശിക്ഷണത്തിന് ഒരു മാർഗമായിത്തീരും. എന്നാൽ, വിഷമകരമെന്ന് പറയട്ടെ, മുസൽമാൻതന്നെയും ഈ കൽപ്പന മറന്നുപോയിരിക്കുന്നു.

യാത്രക്കാരോടു നല്ലരീതിയിൽ പെരുമാറുക എന്ന കൽപ്പന ലോകത്തുനിന്ന് ധാരാളം ഫിത് നകൾ തുടച്ചുമാറ്റാൻ കാരണമാണ്. കാരണം വെറുപ്പുകൊണ്ടാണ് വഴക്കും കലഹവുമുണ്ടാകുന്നത്. ഇപ്പറഞ്ഞ രീതിയിലുള്ള ആദിത്യമര്യാദ നടപ്പിലുണ്ടെങ്കിൽ വെറുപ്പ് അകലുകയും ഗ്രാമങ്ങളിലേയും രാജ്യങ്ങളിലേയും കലഹങ്ങൾ മാഞ്ഞുപോകുകയും ചെയ്യുന്നതായിരിക്കും. മറ്റു രാജ്യങ്ങളിൽനിന്ന് ആദിത്യത്തിന്റെ ഫലം ആസ്വദിച്ചുകഴിഞ്ഞിട്ടുള്ളവർ ഒരിക്കലും വേഗം അവർക്കെതിരിൽ വഴക്കിടാൻ മുതിരുകയില്ല; വൃത്തികെട്ട ആത്മാക്കളൊഴികെ! അവരാണെങ്കിൽ വളരെ കുറച്ചു മാത്രവും! ഇപ്രകാരംതന്നെ ഈ കൽപ്പനയാൽ ഗ്രാമ-നഗര വ്യവസ്ഥിതിയുടെ അടിത്തറയും വീഴുന്നു. കാരണം ആതിഥേയത്വം മുഴുവൻ ഗ്രാമങ്ങളിലും നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. അതിനാൽ ഈ കൽപ്പന നിറവേറ്റുന്നതിന് എല്ലാ ഗ്രാമീണരും ഒരു വ്യവസ്ഥിതി പാലിക്കാൻ നിർബന്ധിതരായിരിക്കും. അതിനുവിധേമായി ഗ്രാമത്തിലെ എല്ലാവർക്കും അതിഥികൾക്ക് സേവനം ചെയ്യാൻ സാധിക്കുന്നതാണ്. ഈ വ്യവസ്ഥിതി അവരുടെ മറ്റു ജോലികളിലും ഫലപ്രദമായി സ്ഥാപിതമാകുന്നതായിരിക്കും.

**ലാ തുബദ്ദിർ-** പിന്നീട് പറഞ്ഞു: ഉപര്യുക്ത കൽപ്പനകളിൽ സ്വത്ത് ചെലവഴിക്കാൻ എത്രമാത്രം ഉപദേശിക്കപ്പെട്ടുവോ ഇതിന്റെ ഉദ്ദേശ്യം അമിതവ്യയം ചെയ്യണമെന്നതല്ല. നാം പറഞ്ഞത് ആവശ്യമായ ചെലവുകളുടെ കൽപ്പനയാണ്. നിഷ്ഫലമായി സ്വത്ത് നശിപ്പിക്കുന്ന കൽപ്പനയല്ല നല്കിയത്. *(തഫ്സീറെ കബീർ, വാള്യം 4, പേജ് 323, പ്രസാധനം 2010 ഖാദിയാൻ)*

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ... ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

https://akhbarbadr.in

**The Weekly BADR Qadian (Malayalam)**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin